മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH
MY LORD AND MY GOD
Vol. 04 No. 54 THE ONLINE OFFICIAL NEWS BULLETIN 2021 December 11

SEASON OF ANNUNCIATION | അറിയിപ്പുകാലം | ܥܕܢܐ ܕܣܘܒܪܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢܒܫܒܐ MONDAY	ܬܠܬܒܫܒܐ TUESDAY	ܐܪܒܥܒܫܒܐ WEDNESDAY	ܚܡܫܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
12  ♪7 Galyono d-yawseph Kino Revelation to St. Joseph the righteous	13  ♪3 31st Mem. of Daniel Mar Philoxenos ✠ (Pathanamthitta Basil Dayara)	14  ♪7 104th Memorial of Paulose Mar Coorilos Metropolitan ✠ (Panampady)	15 ♪3	16 ♪7	17  ♪3 93rd Mem. of H.H. Baselius Geevarghese I ✠ (Vallikkattu Dayara)	18  ♪7 Comme. of St. Thomas the Apostle (The day St.Thomas was pierced by the lance of heathens)

മലങ്കര അസോസിയേഷൻ യോഗം കോലഞ്ചേരിയിൽ ഫെബ്രുവരി 25–ന്

കോട്ടയം: മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗം 2022 ഫെബ്രുവരി 25–ന് വെള്ളിയാഴ്ച കോലഞ്ചേരിയിൽ സമ്മേളിച്ച് 7 മെത്രാപ്പോലീത്താമാരെ തെരഞ്ഞെടുക്കുന്നതിന് പഴയ സെമിനാരിയിൽ കൂടിയ മാനേജിംഗ് കമ്മിറ്റി യോഗം തീരുമാനിച്ചു.

അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ അവതരിപ്പിച്ച 2020–2021 ലെ കണക്ക് മാനേജിംഗ് കമ്മറ്റി പാസാക്കി. 2021–22 ലെഓഡിറ്ററായി ഉണ്ണൂണി പോൾ & Co., സജു & ജോസിനെയും, പരുമല സെമിനാരി ഓഡിറ്ററായി ഉണ്ണൂണി പോൾ & Co. യെയും തെരഞ്ഞെടുത്തു.

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ അദ്ധ്യക്ഷത വഹിച്ചു.

നവാഭിഷിക്തനായ പരിശുദ്ധ കാതോലിക്കാ ബാവായെ സഭാ മാനേജിംഗ് കമ്മറ്റി അനുമോദിച്ചു. മെത്രാപ്പോലീത്താമാരുടെ തെരഞ്ഞെടുപ്പു സംബന്ധിച്ച് മാനദണ്ഡങ്ങൾ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദീയക്കോറസ് മെത്രാപ്പോലീത്താ വായിച്ചു.



പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ ബാവായുടെ 46–ാം ഓർമ്മപ്പെരുന്നാളിന് കോട്ടയം ദേവലോകത്ത് വിശുദ്ധ മൂന്നിന്മേൽ കുർബ്ബാനയ്ക്ക് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ മുഖ്യ കാർമികത്വം വഹിച്ചു. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, യൂഹാനോൻ മാർ പോളിക്കാർപ്പോസ്, എബ്രഹാം മാർ എപ്പിഫാനിയോസ്, ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ്, ഡോ. ഗീവർഗീസ് മാർ യൂലിയോസ്, ഡോ. ജോഷ്വാ മാർ നിക്കോദിമോസ് എന്നീ പിതാക്കന്മാർ സഹകാർമികത്വം വഹിച്ചു. തുടർന്ന് കബറിങ്കൽ ധൂപ പ്രാർത്ഥനയും, ശ്ലൈഹീക വാഴ്വും നടന്നു.

മാർ ക്രിസോസ്റ്റമോസ് ട്രിബ്യൂണൽ അദ്ധ്യക്ഷൻ



കോട്ടയം: കോലഞ്ചേരിയിൽ കോലഞ്ചേരിയിൽ 2022 ഫെബ്രുവരി 25–ന് നടക്കുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗത്തിന്റെ ട്രിബ്യൂണൽ അദ്ധ്യക്ഷനായി നിരണം ഭദ്രാസന മെത്രാപ്പോലീത്താ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസിനെ പ. കാതോലിക്കാ ബാവാ നിയമിച്ചു.



പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവയുടെ ഓർമ്മപ്പെരുന്നാളിന് വാകത്താനം വള്ളിക്കാട് ദയറായിൽ പരിശുദ്ധ കാതോലിക്കാ ബാവാ കൊടിയേറ്റി.

ലിസ്റ്റ് പ്രസിദ്ധീകരിച്ചു

കോട്ടയം: കോലഞ്ചേരിയിൽ 2022 ഫെബ്രുവരി 25–ന് നടക്കുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗ നടപടികളുടെ ഭാഗമായി അസോസിയേഷൻ അംഗങ്ങളുടെ പ്രാഥമിക ലിസ്റ്റ് ദേവലോകം അരമനയിലും യോഗസ്ഥലമായ കോലഞ്ചേരിയിലും സഭയുടെ വെബ് സൈറ്റിലും പ്രസിദ്ധീകരിച്ചു. അന്തിമ ലിസ്റ്റ് ഡിസംബർ 25–ന് പ്രസിദ്ധീകരിക്കും.



മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ നോട്ടീസ് കല്പന

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും
മലങ്കര മെത്രാപ്പോലീത്തായും ആയ
മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

നമ്പർ: 61/2021

നമുക്ക് എത്രയും പ്രിയപ്പെട്ടിരിക്കുന്ന നമ്മുടെ ... പള്ളി വികാരിയും ദേശത്തു പട്ടക്കാരും പള്ളികൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

കർത്താവിൽ പ്രിയരെ,

നമ്മുടെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷന്റെ (മലങ്കര അസോസിയേഷന്റെ) ഒരു യോഗം താഴെ പറയുന്ന വിഷയങ്ങളെപ്പറ്റി ആലോചിച്ച് ആവശ്യമായ തീരുമാനം ചെയ്യുന്നതിന് കോലഞ്ചേരി സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളി അങ്കണത്തിൽ വച്ച് (ബസേലിയോസ് മാർത്തോമ്മാ പൗലോസ് പ്രഥമൻ നഗർ) 2022 ഫെബ്രുവരി മാസം 25-ാം തീയതി വെള്ളിയാഴ്ച പകൽ ഒരു മണി (IST) മുതൽ നമ്മുടെ അദ്ധ്യക്ഷതയിൽ നടത്തുന്നതിന് നാം തീരുമാനിച്ച് പ്രഖ്യാപിക്കുന്നു. 2021 മെയ് മാസത്തിൽ നമ്മുടെ മുൻഗാമി പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവാ പ. എപ്പിസ്കോപ്പൽ സുന്നഹദോസിലും വർക്കിംഗ് കമ്മിറ്റിയിലും മാനേജിംഗ് കമ്മിറ്റിയിലും അവതരിപ്പിച്ച് അഭിപ്രായങ്ങൾ കേട്ട് അന്തിമരൂപം നൽകിയ അസ്സോസിയേഷൻ നടപടി ചട്ടങ്ങൾ അനുസരിച്ചായിരിക്കും ഈ അസ്സോസിയേഷൻ യോഗം നടത്തപ്പെടുന്നത്.

ആലോചനാ വിഷയങ്ങൾ

1. മേൽപ്പട്ട സ്ഥാനത്തേക്ക് ഏഴ് പേരെ തെരഞ്ഞെടുക്കുക.

2. മലങ്കര അസോസിയേഷൻ പ്രസിഡന്റിന് ആവശ്യമെന്ന് ബോധ്യമുള്ളതും മുൻകൂട്ടി അനുവദിക്കുന്നതുമായ ഇതര വിഷയങ്ങൾ പരിഗണിച്ച് യുക്തമായ തീരുമാനങ്ങൾ ചെയ്യുക.

മലങ്കര അസ്സോസിയേഷൻ യോഗ നടത്തിപ്പ് സംബന്ധിച്ച് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ ഭരണഘടന (1934-ലെ മലങ്കര സഭാ ഭരണഘടന) പ്രകാരവും 'മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ യോഗം കൂടി തെരഞ്ഞെടുപ്പു നടത്തുന്നത് സംബന്ധിച്ച ഭേദഗതി ചെയ്ത നടപടി ചട്ടങ്ങൾ' പരിഗണിച്ചും നാം ചെയ്തിട്ടുള്ള ക്രമീകരണങ്ങളുടെ ചുരുക്കം താഴെ ചേർത്തിരിക്കുന്നു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ ഭരണഘടന 71-ാം വകുപ്പനുസരിച്ച് 2021 സെപ്റ്റംബർ 13-ാം തീയതി പ്രസിദ്ധപ്പെടുത്തിയ ലിസ്റ്റിൽ ഉൾപ്പെട്ട അംഗങ്ങളും, ഇപ്പോൾ നിലവിലുള്ള മാനേജിംഗ് കമ്മിറ്റി അംഗങ്ങളും ഈ കല്പന അനുസരിച്ച് കൂടുന്ന അസ്സോസിയേഷൻ യോഗത്തിൽ സംബന്ധിക്കുന്നതിന് അർഹതയുള്ള അംഗങ്ങളായിരിക്കും. എന്നാൽ മാനേജിംഗ് കമ്മിറ്റിയിലേക്ക് നോമിനേറ്റ് ചെയ്യപ്പെട്ടിട്ടുള്ള അംഗങ്ങൾ അസ്സോസിയേഷൻ അംഗങ്ങളല്ലാത്തപക്ഷം, അസ്സോസിയേഷൻ തെരഞ്ഞെടുക്കേണ്ട ഏതെങ്കിലും സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പിൽ വോട്ടു ചെയ്യുന്നതിന് അവകാശം ഉണ്ടായിരിക്കുന്നതല്ല. ഏതെങ്കിലും ഇടവകയിൽ പ്രതിപുരുഷന്മാരുടെ ഒഴിവുകൾ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ ഭരണഘടന അനുഛേദം 71 (ഡി) പ്രകാരം 2021 സെപ്റ്റംബർ 13-ാം തീയതിക്ക് ശേഷം നികത്തിയിട്ടുള്ളപക്ഷം പ്രസ്തുത വിവരം 2021 ഡിസംബർ 14-ന് മുമ്പായി രേഖാമൂലം അതത് ഇടവക മെത്രാപ്പോലീത്താമാർ നമ്മുടെ കാതോലിക്കേറ്റ് ഓഫീസിലേക്ക് അറിയിച്ചിരിക്കേണ്ടതും, ആയത് പരിശോധിച്ച് അന്തിമ ലിസ്റ്റ് (ഫൈനൽ ലിസ്റ്റ്) തയ്യാറാക്കുന്നതുമാണ്.

അസ്സോസിയേഷൻ യോഗാംഗങ്ങളുടെ ഫൈനൽ ലിസ്റ്റ് 2021 ഡിസംബർ മാസം 25-ാം തീയതി ദേവലോകം കാതോലിക്കേറ്റ് ഓഫീസിലും, അസ്സോസിയേഷൻ യോഗസ്ഥലത്തും സഭയുടെ ഔദ്യോഗിക വെബ്സൈറ്റിലും (www.mosc.in) പ്രസിദ്ധീകരിക്കുന്നതാണ്. ഫൈനൽ ലിസ്റ്റിൽ പേരുള്ളവരെ മതിയായ തിരിച്ചറിയൽ രേഖകൾ പരിശോധിച്ച് ആധികാരികത ഉറപ്പാക്കി യോഗത്തിൽ പങ്കെടുപ്പിക്കുന്നതാണ്.

അസ്സോസിയേഷൻ യോഗത്തിൽ സംബന്ധിക്കുന്നതിന് അർഹതയുള്ള പള്ളി ഇടവക പ്രതിപുരുഷന്മാരെ, ആലോചനാ വിഷയങ്ങൾ സംബന്ധിച്ച് അഭിപ്രായം പറയുന്നതിനും, വേണ്ടി വന്നാൽ വോട്ടു ചെയ്യുന്നതിനുമായി പള്ളിച്ചെലവിൽ അയയ്ക്കേണ്ടതാണ്. യോഗത്തിൽ സംബന്ധിക്കുന്നതിന് അർഹതയുള്ളവർ അതതു പള്ളി വികാരി സാക്ഷ്യപ്പെടുത്തിയ തിരിച്ചറിയൽ രേഖകൾ സഹിതം, യോഗസ്ഥലത്തുള്ള രജിസ്ട്രേഷൻ കൗണ്ടറിൽ യോഗദിവസം രാവിലെ 9 മണി മുതൽ 12 മണി വരെയുള്ള സമയത്ത് ഹാജരായി ഹാജർ പുസ്തകത്തിൽ ഒപ്പിട്ട് യോഗസ്ഥലത്ത് പ്രവേശിക്കുന്നതിനുള്ള ബാഡ്ജുകൾ വാങ്ങി യോഗത്തിന് അര മണിക്കൂർ മുമ്പ് അവരവർക്ക് നിശ്ചയിച്ചിട്ടുള്ള സീറ്റുകളിൽ ഇരിക്കേണ്ടതാകുന്നു. പ്രതിപുരുഷന്മാരെ തിരിച്ചറിയുന്നതിന് ആവശ്യം വന്നാൽ അതിലേക്ക് വികാരിയോ, മറ്റു പട്ടക്കാരോ, സ്ഥലത്തു വച്ച് നേരിട്ട് സാക്ഷ്യപ്പെടുത്തേണ്ടതാകുന്നു.

അസ്സോസിയേഷൻ യോഗനടത്തിപ്പ് സംബന്ധിച്ച് പരാതിയുണ്ടെങ്കിൽ അതു കേട്ട് തീരുമാനിക്കുന്നതിനും മറ്റുമായി അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ പ്രസിഡന്റും, റവ. ഫാ. പി. കെ. സഖറിയാ പെരിയോർമറ്റം, അഡ്വ. മാത്യൂസ് മഠത്തേത്ത്, അഡ്വ. ഡോ. മത്തായി മാമ്പള്ളിൽ, ശ്രീ. തോമസ് ജോൺ മോളേത്ത് എന്നിവർ അംഗങ്ങളുമായി ഒരു ട്രിബ്യൂണലിനെ നാം നിയമിച്ച് അധികാരപ്പെടുത്തിയിട്ടുള്ളതാകുന്നു. ട്രിബ്യൂണലിലേക്കുള്ള പരാതികൾ ട്രിബ്യൂണൽ അദ്ധ്യക്ഷന്റെ പേർക്ക് (കാതോലിക്കേറ്റ് ഓഫീസ്, ദേവലോകം പി. ഒ., മുട്ടമ്പലം (വഴി) കോട്ടയം 686004 എന്ന വിലാസത്തിൽ) അയച്ചുകൊടുക്കുകയോ, നേരിട്ടു നൽകുകയോ, ഇ-മെയിൽ ആയി catholicateoffice@mosc.in എന്ന ഇ-മെയിൽ വിലാസത്തിലേക്ക് അയയ്ക്കുകയോ ചെയ്യാവുന്നതാണ്. ട്രിബ്യൂണലിന്റെ തീരുമാനങ്ങൾ അന്തിമവും എല്ലാവർക്കും ബാധകവും ആയിരിക്കുന്നതാകുന്നു.

മേൽപ്പട്ട സ്ഥാനത്തേക്കുള്ള നാമനിർദ്ദേശ പത്രികകൾ കാതോലിക്കേറ്റ് ഓഫീസിൽ നിന്നും 2021 ഡിസംബർ 10 മുതൽ 27 വരെ ലഭിക്കുന്നതാണ്. നിശ്ചിത ഫാറത്തിൽ അസ്സോസിയേഷൻ അംഗങ്ങളുടെ ലിസ്റ്റിൽ പേരുള്ളവരിൽ 30 പേർ ചേർന്ന് ഓരോ നാമനിർദ്ദേശ പത്രിക സമർപ്പിക്കാവുന്നതാണ്. നാമനിർദ്ദേശപത്രികകൾ കാതോലിക്കേറ്റ് ഓഫീസിന്റെ അസ്സൽ മുദ്രയോടു കൂടിയ അതതു ഫോറത്തിൽ ആയിരിക്കേണ്ടതും, ഒരാളിനെ നാമനിർദ്ദേശം ചെയ്യുന്നതിലേക്ക് മൂന്നിൽ കൂടുതൽ നാമനിർദ്ദേശങ്ങൾ തയ്യാറാക്കുകയോ സമർപ്പിക്കുകയോ ചെയ്തുകൂടാത്തതുമാണ്. ഒരു അസ്സോസിയേഷൻ അംഗത്തിന് ഏഴിൽ കൂടുതൽ നാമനിർദ്ദേശ പത്രികയിൽ ഒപ്പിടുന്നതിന് അധികാരം ഇല്ലാത്തതാണ്. എല്ലാ നാമനിർദ്ദേശങ്ങളും, 2021 ഡിസംബർ 28-നോ അതിനു മുമ്പോ സ്ക്രീനിംഗ് കമ്മിറ്റി കൺവീനർക്ക് ലഭിച്ചിരിക്കണം. സ്ഥാനാർത്ഥികളെ നാമനിർദ്ദേശം ചെയ്യുന്നതിന് മേൽപ്പട്ടക്കാർക്കും അവകാശം ഉണ്ടായിരിക്കുന്നതാകുന്നു. നാമനിർദ്ദേശങ്ങളുടെ സൂക്ഷ്മ പരിശോധന സ്ക്രീനിംഗ് കമ്മിറ്റി നടത്തുന്നതും സാധുവായ പത്രികകൾ സ്വീകരിക്കുന്നതുമാണ്.

സാധുവായ നാമനിർദ്ദേശങ്ങൾ അസ്സോസിയേഷൻ യോഗത്തിന്റെ അജണ്ടായിൽ ചേർക്കുന്നതും, അസ്സോസിയേഷൻ യോഗത്തിന് പത്തു ദിവസം മുമ്പ് (14-02-2022) യോഗസ്ഥലത്തും, കാതോലിക്കേറ്റ് ഓഫീസിലും, ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തുന്നതുമാകുന്നു. 13-02-2022-നകം നാമനിർദ്ദേശം പിൻവലിക്കാവുന്നതാണ്. നാമനിർദ്ദേശം പിൻവലിച്ചവരുടെ പേരുകൾ ഉൾപ്പെടാതെയുള്ള അജണ്ടാ യോഗദിവസത്തിന് ഏഴ് ദിവസം മുമ്പ് (18-02-2022) യോഗസ്ഥലത്തും, കാതോലിക്കേറ്റ് ഓഫീസിലും, ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തുന്നതാണ്.

അസ്സോസിയേഷൻ യോഗത്തിന്റെ നടത്തിപ്പിന് വൈസ് പ്രസിഡണ്ടുമാരിൽ ആരെയെങ്കിലും നിയോഗിക്കുന്നതിന് നമുക്ക് അധികാരം ഉണ്ടായിരിക്കുന്നതാകുന്നു. ഈ കല്പനപ്രകാരം കൂടുന്ന അസ്സോസിയേഷൻ യോഗനടപടി സംബന്ധിച്ചോ, ഇവയിൽപ്പെടാത്തതായി അസ്സോസിയേഷൻ യോഗനടത്തിപ്പിന് അതതു സമയത്ത് ആവശ്യമായി വരുന്ന ഏതെങ്കിലും കാര്യങ്ങൾ സംബന്ധിച്ചോ, അപ്പോഴപ്പോൾ യുക്തമായ തീരുമാനങ്ങൾ ചെയ്യുന്നതിന് നമുക്ക് അല്ലെങ്കിൽ മേൽപ്രകാരം വൈസ് പ്രസിഡന്റിനെ നാം നിയോഗിച്ചിരുന്നാൽ അദ്ദേഹത്തിന് അധികാരമുണ്ടായിരിക്കുന്നതാണ്.

ഈ കല്പന സഭയിലെ എല്ലാ ഇടവക പള്ളികളുടെയും സഭാംഗങ്ങളുടെയും മറ്റും അറിവിലേക്കും, ഇതിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള നടപടികൾക്കുമായി 2021 ഡിസംബർ മാസം 09-ാം തീയതിയിലെ മലയാള മനോരമ, മംഗളം എന്നീ ദിനപത്രങ്ങളിലും, 'മലങ്കരസഭ' മാസികയിലും, www.mosc.in എന്ന പ. സഭയുടെ ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നതാണ്. അസ്സോസിയേഷൻ യോഗത്തിൽ സംബന്ധിക്കുന്നതിന് അർഹതയുള്ള അംഗങ്ങളുടെ അറിവിലേക്കായി ഈ കല്പനയുടെ ഓരോ പകർപ്പ് നമ്മുടെ ഫാസിമിലി/കമ്പ്യൂട്ടർ ഒപ്പോടുകൂടി അയയ്ക്കുന്നതാണ്. മേൽപ്രകാരം അസ്സോസിയേഷൻ യോഗം നടത്തുന്നതു സംബന്ധിച്ചും മറ്റുമുള്ള കൂടുതൽ വിവരങ്ങൾ നമ്മുടെ കാതോലിക്കേറ്റ് ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

പ്രിയരെ,

കോവിഡ്-19 മഹാമാരി നിമിത്തം ലോകം മുഴുവനും അതീവ ക്ലേശം അനുഭവിക്കുന്ന കാലഘട്ടമാണല്ലോ ഇത്. ആയതിനാൽ ആവശ്യമെങ്കിൽ, യോഗസമയത്ത് നിലവിലുള്ള സാഹചര്യം കണക്കിലെടുത്ത് അനുയോജ്യമായ സാങ്കേതിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് സുതാര്യമായും, നിയമാനുസൃതമായും ചേരുന്നതിനുള്ള ക്രമീകരണങ്ങൾ നാം ചെയ്യുന്നതാണ്. ആയത് സംബന്ധിച്ച വിശദാംശങ്ങൾ നാമോ അല്ലെങ്കിൽ നാം വൈസ് പ്രസിഡന്റിനെ മേൽപ്രകാരം നിയോഗിച്ചിരുന്നാൽ അദ്ദേഹമോ പ്രഖ്യാപിക്കുന്നതും, അപ്രകാരമുള്ള ക്രമീകരണങ്ങൾ അപ്പോഴപ്പോൾ സ്വീകരിച്ച് നിങ്ങളെ അറിയിക്കുന്നതുമായിരിക്കും.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കന്മാരായ യൽദോ മാർ ബസേലിയോസിന്റെയും, മാർ ഗ്രീഗോറിയോസിന്റെയും, മാർ ദീവന്നാസ്യോസിന്റെയും ശേഷം എല്ലാ ശുദ്ധിമാന്മാരുടെയും, ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ....

ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

2021 ഡിസംബർ മാസം 07-ാം തീയതി


കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ആരാധനാ കലണ്ടർ

സ്വപ്നങ്ങൾ കാണുക; വെളിപാടുകൾ ഉൾക്കൊള്ളുക

ഡോ. ഗീവർഗീസ് മാർ യൂലിയോസ്



നീതിമാനായ യോസേഫിനുണ്ടായ വെളിപ്പാടണല്ലോ ഈ ആഴ്ചയിലെ പ്രധാന ധ്യാനചിന്ത (വി. മത്തായി 1:18–25). സ്വപ്നങ്ങൾ കാണുവാനും അവയിലെ വെളിപ്പാടുകളെ ശ്രദ്ധിക്കുവാനും നമ്മെ ഏറെ പ്രോത്സാഹിപ്പിക്കുന്ന ഒരു സംഭവമാണിത്.

ജീവിതത്തിൽ പ്രതിസന്ധികളും വൈതരണികളും അനിവാര്യമാണ്. നീതിപൂർവ്വമായ ആത്മീയ ജീവിതം നയിക്കുന്നവർക്ക് പ്രതിസന്ധികൾ കൂടുതൽ ഉണ്ടാകുന്നതായാണ് വേദപുസ്തക ചരിത്രം നമ്മെ കാണിക്കുന്നത്. എന്നാൽ അവയെ എങ്ങിനെ സമചിത്തതയോടെ അഭിമുഖീകരിച്ച് നന്മയാക്കി തീർക്കാം എന്നതിന്റെ ഉത്തമ ഉദാഹരണമാണ് നീതിമാനായ യോസേഫ്.

ഗോത്രപിതാവായ യോസേഫും ഒരു സ്വപ്നക്കാരനായിരുന്നു. തന്റെ സ്വപ്നം സഹോദരന്മാരോട് പങ്കുവച്ചപ്പോൾ അവർക്ക് അവനിൽ അസൂയ തോന്നി. പൊട്ടക്കിണറ്റിൽ എറിയപ്പെടുന്നത്, മിദ്യാന്യർക്ക് വില്ക്കപ്പെടുന്നത്, കാരാഗ്രഹവാസം, രാജകൊട്ടാരത്തിലെ അനുഭവങ്ങൾ എന്നിങ്ങനെ പ്രതിസന്ധികളുടെ തീരാകയത്തിലൂടെയായിരുന്നു പിന്നീട് ജീവിതം. എന്നാൽ തന്റെ സ്വപ്നങ്ങളെ ഭത്സിക്കുന്നതിനു പകരം അതിനെ ധ്യാനിക്കുവാനും അങ്ങിനെ സ്വപ്നവ്യാഖ്യാനിയാകുവാനും ഒടുവിൽ ആദ്യം മിസ്രയീമിന്റെയും പിന്നീട് ഇസ്രായേലിന്റെയും രക്ഷകനായി ജനത്തെ നയിക്കുവാനും അവന് കഴിഞ്ഞു.

ദൈവ വചനത്തിനായി കാതോർക്കുകയും അതിൻപ്രകാരം ഒരു ജനതയെ നടത്തുകയും ചെയ്ത ശമുവേൽ പ്രവാചകന്റെ രണ്ടാം പുസ്തകത്തിൽ നിന്നുമാണ് രണ്ടാം പഴമ വായന. “യഹോവേ അരുളിച്ചെയ്യണമെ; അടിയൻ കേൾക്കുന്നു” എന്നതാണ് ശമുവേൽ എന്ന വ്യക്തിത്വം. നിന്നോട് സംസാരിക്കുവാനായി നിന്നെ വിളിക്കുന്നത് യഹോവയായിരിക്കുമെന്ന് അദ്ദേഹത്തിന്റെ ബാല്യത്തിൽ അവനെ പഠിപ്പിക്കുന്നത് അവന്റെ ഗുരുവാണ്. ദൈവത്തിൽ നിന്നും കേട്ടുപഠിച്ചവന്റെ പ്രബോധനമാണ് നാം ധ്യാനിക്കുന്നത്; ദൈവ സ്വഭാവം ആണ് അവിടെ വർണ്ണിക്കുന്നത്. ദയാലുവിനോട് ദയാലുവും നിഷ്കളങ്കനോട് നിഷ്കളങ്കനും നിർമ്മലനോട് നിർമ്മലനും വക്രനോട് വക്രനുമായി ദൈവം പ്രവർത്തിക്കും. എളിയ ജനത്തെ അവൻ രക്ഷിക്കും. നിഗളിച്ച് നടക്കുന്നവരെ താഴ്ത്തും. പ്രതിസന്ധികളാകുന്ന പടക്കൂട്ടത്തിന്റെ നേരെ പൂർണ്ണസമചിത്തതയോടെ പാഞ്ഞുചെല്ലുവാൻ ആഹ്വാനം ചെയ്യുന്ന സമുവേൽ ‘എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടികടക്കും’ എന്ന് പ്രഖ്യാപിക്കുന്നു. തീവ്ര പ്രതിസന്ധികളാകുന്ന ദുർഘടങ്ങളെ ദൈവാശ്രയത്താൽ ചാടിക്കടന്ന് നന്മയെ കണ്ടെത്തുന്ന നീതിമാനായ യോസേഫിനെ ധ്യാനിക്കുന്നതിന് ഏറെ അനുയോജ്യമായ വേദഭാഗമാണിത്.

യെശയ്യാ പ്രവാചകനാകട്ടെ (45, 46 അദ്ധ്യായങ്ങൾ) എങ്ങിനെ നന്മയെ തിരിച്ചറിഞ്ഞ് അതിനെ ധ്യാനിക്കുകയും അനുസരിക്കുകയും അതിൻപ്രകാരം ജീവിതം ക്രമീകരിക്കുകയും ചെയ്യണമെന്ന സന്ദേശമാണ് നൽകുന്നത്.

ക്രിസ്തുവിൽ ആരംഭിച്ച ദൈവരാജ്യത്തെ കുറിച്ചുള്ള വ്യക്തവും ശക്തവുമായ സന്ദേശമാണ് പ. പത്രോസ് ശ്ലീഹായുടെ പൊതുലേഖനത്തിൽ ശ്രവിക്കുന്നത് (1 പത്രോസ് 2:1–10): “ഞാൻ ശ്രേഷ്ഠവും മാന്യവുമായ ഒരു മൂലക്കല്ലു സിയോനിൽ ഇടുന്നു; അവനിൽ വിശ്വസിക്കുന്നവൻ ലജ്ജിച്ചുപോകയില്ല” എന്നും എന്നാൽ വിശ്വസിക്കാത്തവൻ ഇടറിപോകുന്നുവെന്നും വായിക്കുന്നു. ആരാണ് യഥാർത്ഥ ക്രിസ്ത്യാനിയെന്ന പ്രസിദ്ധ നിർവചനമാണ് പിന്നീട് കാണുന്നത്. “നിങ്ങളോ അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പത്തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധ വംശവും സ്വന്ത ജനവും ആകുന്നു. മുമ്പെ നിങ്ങൾ ജനമല്ലാത്തവർ, ഇപ്പോഴോ ദൈവത്തിന്റെ ജനം; കരുണ ലഭിക്കാത്തവർ; ഇപ്പോഴോ കരുണ ലഭിച്ചവർ തന്നേ.”

തീവ്ര യഹൂദനിൽ നിന്നും മാനാസാന്തരപ്പെട്ട് ക്രിസ്തുവിന്റെ ദാസനും സുവിശേഷകനുമായി



തീർന്ന പൗലോസ് ശ്ലീഹായുടെ കുമ്പസാരമാണ് അദ്ദേഹം ഗലാത്യരോട് നടത്തുന്നത് (1:11–24). തന്റെ യുക്തികൊണ്ടല്ല, മറിച്ച് ദൈവകൃപയാൽ നടന്ന ഈ മാറ്റത്തിൽ ആശ്ചര്യപ്പെടുവാൻ മാത്രമേ അദ്ദേഹത്തിന് കഴിയുന്നുള്ളൂ! ജനനം മുതൽ തന്നെ വേർതിരിച്ച് കൃപയിൽ വളർത്തിയ ദൈവമാണ് ഈ മാറ്റത്തിലേക്ക് തന്നെ നയിച്ചത് എന്ന് അദ്ദേഹം തീർത്തും വിശ്വസിക്കുന്നു. അന്ധകാരത്തിൽ നിന്നും തന്റെ അത്ഭുതപ്രകാശത്തിലേക്കുള്ള സാർവ്വത്രികയാത്രയാണ് ഇന്ന് ആരംഭിക്കുന്നത്. സൃഷ്ടി മുഴുവൻ അങ്ങോട്ട് യാത്ര ചെയ്യുന്നതിന്റെ സൂചനയാണ് കിഴക്കുദിച്ച നക്ഷത്രം. അതിനെ അനുധാവനം ചെയ്തുകൊണ്ട് പൗരസ്ത്യനാടുകളിൽ നിന്നും വിദ്വാൻമാർ. ഇവരെല്ലാം എത്ര വർഷങ്ങൾ, നൂറ്റാണ്ടുകൾ യാത്രചെയ്തുവെന്ന് ക്ലിപ്തപ്പെടുത്തുവാൻ പ്രയാസം. എന്നാൽ എന്തിനാണ് അവർ അപ്പത്തിന്റെ നാടായ ബേത്‌ലഹേമിൽ എത്തുന്നതെന്നാണ് പ്രഭാത ഏവൻഗേല്യോനിൽ വി. യോഹന്നാൻ ശ്ലീഹാ ക്രിസ്തുവിനെ തന്നെ ഉദ്ധരിച്ചുകൊണ്ട് വ്യാഖ്യാനിക്കുന്നത്. ജീവന്റെ അപ്പമായവനിൽ എത്തിചേരുകയാണ് ലക്ഷ്യം. അവന്റെ അടുക്കൽ എത്തുന്നവന് പിന്നെ വിശപ്പോ, ദാഹമോ ഇല്ല. സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിവന്ന ഈ അപ്പത്തെ യഹൂദർ നിഷേധിക്കുന്നു; എന്നാൽ ഇത് പ്രാപിക്കുവാൻ ലോകം മുഴുവനും ആദ്യം ബേത്‌ലഹേമിലേക്കും പിന്നീട് അവനോടൊപ്പം സഹനവഴികളിലൂടെ കാൽവരിയോളവും യാത്രചെയ്യുന്നു; അതി തീവ്ര കാല്പനികഭാവത്തിലാണ് കവികൾ ഈ യാത്ര വർണ്ണിച്ചിരിക്കുന്നത് എന്നതും ശ്രദ്ധേയം: “ദുർഘമ മാർഗ്ഗങ്ങളിലൂടെ ചോരന്മാരെ കൂസാതെ....”യാണ് ഈ യാത്ര. എന്നാൽ എല്ലാവരും ബേത്‌ലഹേമിൽ എത്തുന്നതിനു മുമ്പായി ഉദരത്തിൽ ഉരുവായ വചനം അവിടെയെത്തണം; ഇല്ലെങ്കിൽ എല്ലാം വ്യർത്ഥം. അവിടെയാണ് യോസേഫിന്റെ ധ്യാനവും സ്വപ്നവും വെളിപ്പാടും അർത്ഥമുള്ളതായി തീരുന്നത്.

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗം കൂടി തെരഞ്ഞെടുപ്പ് നടത്തുന്നതു സംബന്ധിച്ച നടപടി ചട്ടങ്ങൾ

ഡിസംബർ 2021

മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗങ്ങൾ വിളിച്ചുകൂട്ടുന്നതും നടത്തുന്നതും ക്രമവൽക്കരിക്കുന്നതിന് 1970 ഫെബ്രുവരി മാസത്തിൽ നടപ്പിൽ വരുത്തിയിരുന്നതും അതിനുശേഷം ആവശ്യമായ ഭേദഗതികൾ വരുത്തി 1970 സെപ്റ്റംബറിലും, ഭേദഗതികളോടെ 1989 ജൂൺ മാസത്തിലും, 2016 ഒക്ടോബർ 25-നും നടപ്പിൽ വരുത്തിയതായ "മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗം കൂടി തെരഞ്ഞെടുപ്പു നടത്തുന്നതു സംബന്ധിച്ച നടപടി ചട്ടങ്ങൾ" വീണ്ടും ആവശ്യമായ ഭേദഗതികൾ വരുത്തി തയ്യാറാക്കി പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ പ്രസിഡന്റുമായ നി. വ. ദി. മ. മ. ശ്രീ. മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ ബാവാ തിരുമനസ്സുകൊണ്ട് 2021 ഡിസംബർ 6-ലെ 59-ാം നമ്പർ കൽപന മുഖാന്തിരം നടപ്പിൽ വരുത്തിയിരിക്കുന്നു.



മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗം കൂടി തെരഞ്ഞെടുപ്പു നടത്തുന്നതു സംബന്ധിച്ച നടപടി ചട്ടങ്ങൾ

ഭാഗം 1

I. പൊതു ചട്ടങ്ങൾ

1. **പ്രഖ്യാപനം**: ഈ നടപടി ചട്ടങ്ങൾ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഭരണഘടനയിലെ വ്യവസ്ഥകൾക്കു വിധേയമായ ഉപചട്ടങ്ങളാകുന്നു.

2. **ചുരുക്കപ്പേര്**: ഈ നടപടി ചട്ടങ്ങളുടെ പേര്, മലങ്കര അസോസിയേഷൻ നടത്തുന്ന തെരഞ്ഞെടുപ്പുകൾ സംബന്ധിച്ച നടപടി ചട്ടങ്ങൾ എന്നായിരിക്കുന്നതാകുന്നു.

3. **നിർവചനം**: ഈ നടപടി ചട്ടങ്ങളിൽ, സന്ദർഭത്തിന് മറ്റു വിധത്തിൽ ആവശ്യമായി വരുന്നതൊഴികെ.

i) 'അസോസിയേഷൻ' എന്നതിന് മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ എന്നും

ii) 'ഭരണഘടന' എന്നതിന് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഭരണഘടന എന്നും

iii) 'പ്രസിഡന്റ്' എന്നതിന് മലങ്കര മെത്രാപ്പോലീത്തായും അസോസിയേഷൻ യോഗത്തിന്റെ നടത്തിപ്പിന് നിയോഗിക്കപ്പെട്ടിട്ടുള്ളതോ അസോസിയേഷൻ യോഗം നടത്തിക്കൊണ്ടിരിക്കുന്നതോ ആയ ഏതെങ്കിലും മെത്രാപ്പോലീത്തായും എന്നും

iv) 'എപ്പിസ്കോപ്പൽ സിനഡ്' എന്നതിന് ഭരണഘടന 102-ാം വകുപ്പിൽ പറയുന്ന എപ്പിസ്കോപ്പൽ സിനഡ് എന്നും

v) 'ഇടവകയോഗം' എന്നതിന് ഭരണഘടന 12-ാം വകുപ്പിൻപ്രകാരം കൂടുന്ന യോഗമെന്നും

vi) 'സെക്രട്ടറി' എന്നതിന് ഭരണഘടന 75-ാം വകുപ്പു പ്രകാരം തെരഞ്ഞെടുക്കപ്പെട്ട അസോസിയേഷൻ സെക്രട്ടറി എന്നും

vii) 'പ്രതിനിധികൾ' എന്നതിനു ഭരണഘടന 71 (c) വകുപ്പിൻപ്രകാരം അസോസിയേഷനിൽ അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ടവർ എന്നും

viii) 'വികാരി' എന്നതിനു ഭരണഘടന 38-ാം വകുപ്പിൽ പറയുന്ന വികാരിയെന്നും

ix) 'മാനേജിംഗ് കമ്മിറ്റി' എന്നതിന് ഭരണഘടന 78-ാം വകുപ്പിൽ പറയുന്ന അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി എന്നും അർത്ഥമായിരിക്കുന്നതാകുന്നു.

II. അസോസിയേഷൻ യോഗം കൂടുന്നതിനുള്ള നോട്ടീസ്

A. പള്ളികൾക്കുള്ള നോട്ടീസ്

1. അസോസിയേഷൻ യോഗം കൂടുന്നതിനുള്ള നോട്ടീസ്, യോഗ ദിവസത്തിന് നൂറ്റി ഇരുപത് ദിവസം മുമ്പ് എങ്കിലും അയയ്ക്കേണ്ടതും അതിൽ താഴെപ്പറയുന്ന സംഗതികൾ വിവരിച്ചിരിക്കേണ്ടതും ആകുന്നു.

a) യോഗം കൂടുന്ന തീയതിയും സമയവും സ്ഥലവും.

b) യോഗത്തിൽ ആലോചിച്ച് നിശ്ചയിക്കേണ്ട വിഷയങ്ങൾ.

c) യോഗത്തിലേക്ക് പ്രതിനിധികളെ തെരഞ്ഞെടുത്ത് അയയ്ക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ.

d) പ്രതിനിധികളുടെ സ്ഥാനസാധുത്വത്തെപ്പറ്റി പരാതി ഉണ്ടായാൽ അതു കേട്ടു തീരുമാനിക്കുന്നതിനുള്ള ട്രിബ്യൂണലിന്റെ അദ്ധ്യക്ഷനും അംഗങ്ങളും ആരെല്ലാമെന്നും പരാതി വിചാരണസ്ഥലം ഏതെന്നും വിചാരണ എന്നു മുതൽ എന്നു വരെ എന്നും.

e) പ്രതിനിധികൾ അവരുടെ അധികാരപത്രങ്ങൾ എവിടെ, ആരെ, എപ്പോൾ ഏല്പിക്കണമെന്ന്.

f) യോഗത്തിന്റെ നടത്തിപ്പു സംബന്ധിച്ച ക്രമീകരണങ്ങളുടെ ചുരുങ്ങിയ വിവരം.

2. അസോസിയേഷൻ യോഗം കൂടുന്നതിനുള്ള നോട്ടീസോടു കൂടി താഴെ വിവരിച്ചിട്ടുള്ള ഫാറങ്ങൾ അയച്ചുകൊടുക്കേണ്ടതാകുന്നു.

a) പ്രതിനിധികളുടെ അധികാരപത്രഫാറം (ഈ ഫാറം ഈ നടപടി ചട്ടങ്ങളുടെ ഒടുവിൽ I-ാം അനുബന്ധമായി ചേർത്തിരിക്കുന്നു).

b) പ്രതിനിധികളുടെ തെരഞ്ഞെടുപ്പ് സെക്രട്ടറിയെ അറിയിക്കുന്നതിനുള്ള തെരഞ്ഞെടുപ്പ് അറിയിപ്പ് ഫാറം (ഈ ഫാറം ഈ നടപടിച്ചട്ടങ്ങളുടെ ഒടുവിൽ II-ാം അനുബന്ധമായി ചേർത്തിരിക്കുന്നു).

3. അസോസിയേഷൻ യോഗം കൂടുന്നതിനുള്ള നോട്ടീസും മേൽപ്പറഞ്ഞ രണ്ടു ഫാറങ്ങളും പ്രസ്തുത നോട്ടീസ് അയയ്ക്കുന്നതോടു കൂടി രണ്ടു പ്രധാന ദിനപത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു.

B. മാനേജിംഗ് കമ്മിറ്റി അംഗങ്ങൾക്കുള്ള നോട്ടീസ്

1. അസോസിയേഷൻ യോഗം കൂടുന്നതിനുള്ള നോട്ടീസ് യോഗദിവസത്തിനു നൂറ്റി ഇരുപത് ദിവസം മുമ്പെങ്കിലും മാനേജിംഗ് കമ്മിറ്റി അംഗങ്ങൾക്ക് അയയ്ക്കേണ്ടതും അതിൽ താഴെ പറയുന്ന സംഗതികൾ വിവരിച്ചിരിക്കേണ്ടതും ആകുന്നു.

a) യോഗം കൂടുന്ന തീയതിയും സമയവും സ്ഥലവും.

b) യോഗത്തിൽ ആലോചിച്ചു നിശ്ചയിക്കേണ്ട വിഷയങ്ങൾ.

c) യോഗത്തിന്റെ നടത്തിപ്പു സംബന്ധിച്ച ക്രമീകരണങ്ങളുടെ ചുരുങ്ങിയ വിവരം.

III. പ്രതിനിധികളുടെ തെരഞ്ഞെടുപ്പും അവർക്കു കൊടുക്കുന്ന അധികാരപത്രവും അവരുടെ തെരഞ്ഞെടുപ്പ് അറിയിപ്പും പ്രതിനിധികളുടെയും മാനേജിംഗ് കമ്മിറ്റി അംഗങ്ങളുടെയും ലിസ്റ്റും

1. അസോസിയേഷൻ യോഗം കൂടുന്നതിനുള്ള നോട്ടീസ് കിട്ടിക്കഴിഞ്ഞാൽ, ഭരണഘടനപ്രകാരം ഇടവകയോഗം കൂടി പ്രതിനിധികളെ തെരഞ്ഞെടുത്ത് അവർക്ക് അധികാരപത്രം കൊടുക്കേണ്ടതും അവരെ തെരഞ്ഞെടുത്ത വിവരം അറിയിക്കുന്നതിനുള്ള തെരഞ്ഞെടുപ്പ് അറിയിപ്പുഫാറം പൂരിപ്പിച്ച് സെക്രട്ടറിക്ക് അസോസിയേഷൻ യോഗദിവസത്തിന് കുറഞ്ഞപക്ഷം എഴുപത്തിയഞ്ച് ദിവസം മുമ്പ് കിട്ടത്തക്കവണ്ണം (കാതോലിക്കേറ്റ് ഓഫീസ്, മുട്ടമ്പലം (via) ദേവലോകം പി.ഒ., കോട്ടയം പിൻ-686004) എന്ന വിലാസത്തിൽ വികാരി അയച്ചുകൊടുക്കേണ്ടതും അതു കഴിഞ്ഞു കിട്ടുന്ന തെരഞ്ഞെടുപ്പ് അറിയിപ്പു ഫാറങ്ങൾ സ്വീകാര്യമല്ലാത്തതും ആകുന്നു.

2. പ്രതിനിധികളെ തെരഞ്ഞെടുത്ത വിവരത്തിന് സെക്രട്ടറിക്കു കിട്ടിയിട്ടുള്ള അറിയിപ്പിനെ അടിസ്ഥാനപ്പെടുത്തി ഈ നടപടി ചട്ടങ്ങളുടെ ഒടുവിൽ III-ാം അനുബന്ധമായി ചേർത്തിട്ടുള്ള ഫാറത്തിൽ കാണിച്ചിട്ടുള്ള പ്രകാരവും എല്ലാ പ്രതിനിധികളുടെയും മാനേജിംഗ് കമ്മിറ്റി അംഗങ്ങളുടെയും പേരും മേൽവിലാസവും മറ്റും വിവരിക്കുന്ന ലിസ്റ്റ് തയ്യാറാക്കി പ്രസിഡന്റിന്റെ അനുമതി വാങ്ങി കാതോലിക്കേറ്റ് ഓഫീസിലും അസോസിയേഷൻ യോഗസ്ഥലത്തും അസോസിയേഷൻ യോഗദിവസത്തിന് അറുപത്തിയഞ്ച് ദിവസം മുമ്പ് സെക്രട്ടറി പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു. ലിസ്റ്റ് തയ്യാറാക്കുമ്പോൾ മാനേജിംഗ് കമ്മിറ്റിയിലേക്ക് നോമിനേറ്റ് ചെയ്യപ്പെട്ട അംഗങ്ങൾ അവർ പ്രതിനിധികൾ അല്ലെങ്കിൽ ഭരണഘടന 71 (a) അനുസരിച്ച് തെരഞ്ഞെടുപ്പിൽ 'വോട്ടവകാശമില്ല' എന്ന വിവരം അവരുടെ പേരിനോടൊപ്പം ലിസ്റ്റിൽ രേഖപ്പെടുത്തേണ്ടതും പ്രസ്തുത ലിസ്റ്റിന്റെ ഒരു പകർപ്പ് ഓരോ മെത്രാസന ഓഫീസിലേക്കും സെക്രട്ടറി അയച്ചുകൊടുക്കേണ്ടതുമാകുന്നു.

IV. പരാതികളും ട്രിബ്യൂണലും

1. പ്രതിനിധികളുടെ തെരഞ്ഞെടുപ്പു സംബന്ധിച്ചോ സെക്രട്ടറി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പ്രതിനിധികളുടെ ലിസ്റ്റ് സംബന്ധിച്ചോ ആർക്കെങ്കിലും പരാതി ഉണ്ടെങ്കിൽ അവ കേട്ടു തീരുമാനിക്കുന്നതിന് ഒരു ട്രിബ്യൂണൽ ഉണ്ടായിരിക്കുന്നതാകുന്നു.

2. ട്രിബ്യൂണലിനെ മാനേജിംഗ് കമ്മിറ്റിയുടെ ആലോചനയോടു കൂടി മലങ്കരമെത്രാപ്പോലീത്താ നിയമിക്കുന്നതാകുന്നു. ട്രിബ്യൂണലിന്റെ കാലാവധി അടുത്ത ട്രിബ്യൂണലിനെ നിയമിക്കുന്നതുവരെ ആയിരിക്കുന്നതും, ഒഴിവുകൾ മലങ്കര മെത്രാപ്പോലീത്തായ്ക്ക് നികത്താവുന്നതുമാകുന്നു.

3. മേൽ ഉപവകുപ്പ് 1-ൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ സംബന്ധിച്ച പരാതികൾ, ട്രിബ്യൂണലിന്റെ അദ്ധ്യക്ഷന്റെ പേർക്ക് (കാതോലിക്കേറ്റ് ഓഫീസ്, ദേവലോകം പി.ഒ., മുട്ടമ്പലം (via) കോട്ടയം, പിൻ-686004) എന്ന വിലാസത്തിൽ അയച്ചുകൊടുക്കുകയോ നേരിട്ട് നൽകുകയോ ചെയ്യേണ്ടതും പരാതികൾ ട്രിബ്യൂണലിന്റെ അദ്ധ്യക്ഷന് പ്രതിനിധികളുടെ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി ഏഴ് ദിവസത്തിനകം കിട്ടിയിരിക്കേണ്ടതും അതു കഴിഞ്ഞ് കിട്ടുന്ന പരാതികൾ പരിഗണിക്കപ്പെടുന്നതല്ലാത്തതുമാകുന്നു.

4. മേൽ ഉപവകുപ്പ് 3-ൽ പറഞ്ഞ പ്രകാരം ബോധിപ്പിക്കുന്ന പരാതിയുടെ പകർപ്പ് ബന്ധപ്പെട്ട ഇടവക വികാരിക്ക് പരാതിക്കാർ രേഖാമൂലം അയച്ചുകൊടുക്കുകയോ നേരിട്ടു നൽകുകയോ ചെയ്യേണ്ടതും, ആയത് അസ്സൽ പരാതിയിൽ രേഖപ്പെടുത്തേണ്ടതും, വികാരി പ്രതിനിധികളായി തെരഞ്ഞെടുക്കപ്പെട്ടവരെ രേഖാമൂലം വിവരം അറിയിക്കേണ്ടതുമാകുന്നു.

5. അസോസിയേഷൻ യോഗം കൂടുന്നതിനുള്ള നോട്ടീസിൽ വിവരിച്ചിട്ടുള്ള സ്ഥലത്തും തീയതിയിലും ട്രിബ്യൂണൽ കൂടുന്നതും പരാതിക്കാരും പ്രതിനിധികളായി തെരഞ്ഞെടുക്കപ്പെട്ടവരും അവരവർക്കുള്ള തെളിവുകൾ സഹിതം ട്രിബ്യൂണലിന്റെ മുമ്പാകെ ഹാജരാകേണ്ടതും ട്രിബ്യൂണലിന്റെ നടപടിക്രമം ട്രിബ്യൂണൽ തന്നെ നിശ്ചയിക്കുന്നതും ട്രിബ്യൂണൽ ചെയ്യുന്ന തീരുമാനങ്ങൾ അവസാന തീരുമാനങ്ങളായിരിക്കുന്നതും ആകുന്നു. ട്രിബ്യൂണലിന്റെ തീരുമാനങ്ങൾ ബന്ധപ്പെട്ട ഇടവക വികാരിയെ അറിയിക്കേണ്ടതും പ്രസ്തുത തീരുമാനങ്ങളുടെ പകർപ്പ് ബന്ധപ്പെട്ട ഇടവക മെത്രാപ്പോലീത്തായ്ക്ക് അയച്ചുകൊടുക്കേണ്ടതും ആകുന്നു.

6. ട്രിബ്യൂണൽ തീരുമാനപ്രകാരം ഏതെങ്കിലും ഇടവകയുടെ പ്രതിനിധികളുടെ തെരഞ്ഞെടുപ്പ് സാധുവല്ല എന്നു കാണുകയും, പരിശോധനയിൽ പ്രസ്തുത ഇടവകയുടെ തെരഞ്ഞെടുപ്പ് സമയപരിധിക്കുള്ളിൽ നടപടിക്രമം പാലിച്ച് വീണ്ടും നടത്താവുന്നതാണ് എന്ന് ട്രിബ്യൂണലിന് ബോദ്ധ്യമാവുകയും ചെയ്യുന്നപക്ഷം ആവശ്യമായ ശുപാർശ ട്രിബ്യൂണലിന് മലങ്കര മെത്രാപ്പോലീത്തായുടെ പക്കൽ സമർപ്പിക്കാവുന്നതാണ്. ശുപാർശപ്രകാരം വീണ്ടും തെരഞ്ഞെടുപ്പു നടത്തുന്നതിന് മലങ്കര മെത്രാപ്പോലീത്താ അനുവദിക്കുന്നപക്ഷം കല്പനപ്രകാരം തെരഞ്ഞെടുപ്പു നടത്തി പ്രതിനിധികളുടെ പേരും വിലാസവും അടങ്ങിയ ലിസ്റ്റും യോഗ മിനിറ്റ്സും, നിർദ്ദേശിക്കുന്ന സമയപരിധിക്കുള്ളിൽ, ട്രിബ്യൂണൽ അദ്ധ്യക്ഷന് വികാരി നേരിട്ട് നൽകേണ്ടതാണ്. പുനർ തെരഞ്ഞെടുപ്പു നടപടികളുടെ സാധുത സംബന്ധിച്ച് ട്രിബ്യൂണൽ വീണ്ടും പരിശോധിച്ച് ചെയ്യുന്ന നിശ്ചയം അന്തിമമായിരിക്കുന്നതാണ്.

7. ട്രിബ്യൂണലിന്റെ തീരുമാനങ്ങൾ അനുസരിച്ച് പ്രതിനിധികളുടെ ലിസ്റ്റിൽ എന്തെങ്കിലും ഭേദഗതികൾ വരുത്തേണ്ടതായിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള ഭേദഗതികൾ വരുത്തി ലിസ്റ്റ് ശരിപ്പെടുത്തി അസോസിയേഷൻ യോഗത്തിന് മുപ്പതു ദിവസം മുമ്പ് അസോസിയേഷൻ യോഗസ്ഥലത്തും കാതോലിക്കേറ്റ് ഓഫീസിലും സഭയുടെ ഔദ്യോഗിക വെബ്സൈറ്റിലും സെക്രട്ടറി പ്രസിദ്ധപ്പെടുത്തേണ്ടതും ഇപ്രകാരം പ്രസിദ്ധപ്പെടുത്തുന്ന ലിസ്റ്റിൽ പേരുള്ള പ്രതിനിധികൾ മാത്രം നിയമാനുസരണം തെരഞ്ഞെടുക്കപ്പെട്ടവരായി കണക്കാക്കപ്പെടുന്നതും ആകുന്നു. പ്രസ്തുത ലിസ്റ്റിന്റെ ഒരു പകർപ്പ് ഓരോ മെത്രാസന ഓഫീസിലേക്കും സെക്രട്ടറി അയച്ചുകൊടുക്കേണ്ടതാകുന്നു.

8. ട്രിബ്യൂണൽ തീരുമാനപ്രകാരമോ യഥാസമയം തെരഞ്ഞെടുപ്പു നടക്കാതിരുന്നതു മൂലമോ പ്രതിനിധികൾ ഇല്ലാതെ വരുന്ന ഇടവകകൾക്ക് കാലാവധിക്കുള്ളിൽ വരുന്ന മറ്റ് അസോസിയേഷനുകളിലേക്ക് ഭരണഘടന 71 (d) പ്രകാരം മലങ്കര മെത്രാപ്പോലീത്തായുടെ അനുവാദ കൽപ്പനയോടെയും, നടപടിക്രമങ്ങൾ പാലിച്ചും ഒഴിവു നികത്താവുന്നതാണ്.

IV-A തിരഞ്ഞെടുക്കപ്പെട്ട അസോസിയേഷന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പ് വീണ്ടും വിളിച്ചുകൂട്ടുന്നതിനുള്ള നടപടിക്രമങ്ങൾ.

1. ഈ നടപടി ചട്ടത്തിലെ II, III, IV (1-8) വകുപ്പുകൾ പ്രകാരം തിരഞ്ഞെടുക്കപ്പെട്ടു നിലവിൽ വന്ന അസോസിയേഷന്റെ ആദ്യ യോഗത്തിനുശേഷം, അസോസിയേഷന്റെ കാലാവധിക്കുള്ളിൽ തന്നെ മലങ്കര സുറിയാനി

ക്രിസ്ത്യാനി അസോസിയേഷൻ യോഗം 1934 മലങ്കരസഭാ ഭരണഘടന (2011 -ൽ ഭേദഗതി ചെയ്തത്) 73, 74 അനുച്ഛേദ പ്രകാരം അധികാരപ്പെട്ടവർക്കു വിളിച്ചുകൂട്ടാവുന്നതാണ്.

2. മേൽ ഉപവകുപ്പ് 1 പ്രകാരം അസോസിയേഷൻ കൂടുന്നതിനുള്ള നോട്ടീസ് ഇടവകപ്പള്ളികൾക്കും, നിലവിലുള്ള അസോസിയേഷൻ അംഗങ്ങൾക്കും, അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾക്കും പ്രസ്തുത യോഗദിവസത്തിന് മുപ്പതു ദിവസം മുമ്പെങ്കിലും അയയ്ക്കേണ്ടതും, പ്രസ്തുത നോട്ടീസിൽ ചട്ടം II (A) (1) (a) (b) (f) എന്നീ വകുപ്പുകളിൽ പ്രതിപാദിച്ചിട്ടുള്ള വിവരങ്ങൾ ചേർത്തിരിക്കേണ്ടതുമാണ്. മാനേജിംഗ് കമ്മിറ്റി അംഗങ്ങൾക്ക് അയയ്ക്കുന്ന നോട്ടീസിൽ ചട്ടം II (B) (1) (a) (b) (c) എന്നീ വകുപ്പുകളിൽ പ്രതിപാദിച്ചിട്ടുള്ള വിവരങ്ങൾ ചേർത്തിരിക്കേണ്ടതുമാണ്.

3. മേൽ ഉപവകുപ്പ് IV-A (2) വകുപ്പിൽ പ്രതിപാദിച്ചിരിക്കുന്ന നോട്ടീസ്, ഈ നടപടി ചട്ടപ്രകാരം പ്രസിദ്ധീകരിച്ച അസോസിയേഷൻ അംഗങ്ങളുടെ അന്തിമ ലിസ്റ്റിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ള മേൽവിലാസത്തിൽ രജിസ്റ്റേർഡ് തപാലായോ, ഇമെയിലായോ അയയ്ക്കേണ്ടതാണ്. ഇപ്രകാരം അയയ്ക്കപ്പെടുന്ന നോട്ടീസ് മതിയായ നോട്ടീസ് ആയിരിക്കും.

4. മേൽ ഉപവകുപ്പ് IV-A പ്രകാരം കൂടുന്ന അസോസിയേഷൻ യോഗത്തിൽ പങ്കെടുക്കുന്നതിലേക്ക് നിലവിലുള്ള അസോസിയേഷൻ അംഗങ്ങൾ അവരവരുടെ തിരിച്ചറിയൽ രേഖയുടെ (കേന്ദ്ര, സംസ്ഥാന സർക്കാരുകളാൽ അംഗീകരിക്കപ്പെട്ടത്) അസലിനോടൊപ്പം സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കേണ്ടതാണ്.

ഭാഗം 2

കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടേയും ആ സ്ഥാനങ്ങളിലേക്കുള്ള പിൻഗാമിയുടെയും തെരഞ്ഞെടുപ്പ്

V. നാമനിർദ്ദേശം

1. കാതോലിക്കായുടേയും മലങ്കര മെത്രാപ്പോലീത്തായുടേയും ആ സ്ഥാനങ്ങളിലേക്കുള്ള പിൻഗാമിയുടേയും തെരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശം താഴെ വിവരിച്ചിട്ടുള്ള പ്രകാരം ആയിരിക്കേണ്ടതാകുന്നു.

2. നിർദ്ദിഷ്ട സ്ഥാനത്തേക്ക് ഒരു മേൽപ്പട്ടക്കാരനെ നാമനിർദ്ദേശം ചെയ്യണമെന്ന് സെക്രട്ടറി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള അസോസിയേഷൻ അംഗങ്ങളുടെ ലിസ്റ്റിൽ പേരുള്ളവരിൽ ആർക്കെങ്കിലും അഭിപ്രായമുള്ള പക്ഷം ഈ ചട്ടങ്ങളുടെ ഒടുവിൽ IV-ാം അനുബന്ധമായി ചേർത്തിട്ടുള്ള നാമനിർദേശപത്രികയുടെ ഫാറത്തിൽ നാമനിർദ്ദേശം ചെയ്യാവുന്നതാണ്. അതിലേക്കുള്ള നാമനിർദ്ദേശം അസോസിയേഷൻ യോഗ ദിവസത്തിന് കുറഞ്ഞതു പതിനഞ്ച് ദിവസം മുമ്പ് സെക്രട്ടറിക്കു കിട്ടത്തക്കവിധം അയച്ചുകൊടുക്കുകയോ നേരിട്ട് നൽകുകയോ ചെയ്യേണ്ടതും, അതു കഴിഞ്ഞു കിട്ടുന്ന നാമനിർദ്ദേശങ്ങൾ സ്വീകാര്യമല്ലാത്തതുമാകുന്നു.

3. മേൽ ഉപവകുപ്പ് 2 പ്രകാരമുള്ള ഓരോ നാമനിർദ്ദേശ പത്രികയിലും മേൽ IV-ാം വകുപ്പ് ഉപവകുപ്പ് 7 ൽ വിവരിച്ചിട്ടുള്ളപ്രകാരം സെക്രട്ടറി പ്രസിദ്ധപ്പെടുത്തുന്ന ലിസ്റ്റിൽ പേരുള്ള അസോസിയേഷൻ അംഗങ്ങളിൽ വോട്ടവകാശമുള്ള മുപ്പത് പേർ എങ്കിലും ഒപ്പിട്ടിരിക്കേണ്ടതും ഏതെങ്കിലും ഒരു അസോസിയേഷൻ അംഗത്തിന് ഒന്നിലധികം നാമനിർദ്ദേശപത്രികകളിൽ ഒപ്പിടുന്നതിന് അവകാശം ഇല്ലാത്തതുമാണ്.

4. നാമനിർദ്ദേശപത്രിക മേൽ വിവരിച്ചിട്ടുള്ള ഫാറത്തിലാണോ എന്നും അതിലെ പേരുകളും ഒപ്പുകളും നിജമാണോ എന്നും അസോസിയേഷൻ അംഗങ്ങൾ ഒന്നിലധികം നാമനിർദ്ദേശപത്രികകളിൽ ചേർന്നിട്ടുണ്ടോ എന്നും മേൽ IV-ാം വകുപ്പ് ഉപവകുപ്പ് 1 ൽ പറഞ്ഞിട്ടുള്ള ട്രിബ്യൂണൽ പരിശോധിക്കുന്നതും ഈ നടപടിചട്ടങ്ങൾക്ക് അനുസരണമാണെന്നു കാണുന്ന നാമനിർദ്ദേശങ്ങൾ മാത്രം അസോസിയേഷൻ അംഗങ്ങൾ അസോസിയേഷൻ യോഗത്തിൽ അവതരിപ്പിക്കുന്ന സാധുവായ നാമനിർദ്ദേശങ്ങൾ ആയിരിക്കുന്നതും ആകുന്നു.

5. 4-ാം ഉപവകുപ്പിൽ വിവരിച്ചിട്ടുള്ള പ്രകാരം സാധുവായ നാമനിർദ്ദേശങ്ങൾ അസോസിയേഷൻ യോഗത്തിന്റെ അജണ്ടയിൽ ചേർക്കേണ്ടതും അജണ്ട പ്രസിഡന്റ് ഒപ്പു വച്ച് അസോസിയേഷൻ യോഗത്തിന് പത്തുദിവസം മുമ്പ് യോഗസ്ഥലത്തും കാതോലിക്കേറ്റ് ഓഫീസിലും പ്രസിദ്ധപ്പെടുത്തേണ്ടതുമാകുന്നു.

6. അജണ്ട പ്രസിദ്ധപ്പെടുത്തിയ ശേഷം മൂന്നു ദിവസത്തിനകം ഏതെങ്കിലും നാമനിർദ്ദേശം പിൻവലിക്കുന്നത് ഈ നടപടിചട്ടങ്ങളിൽ VII-ാം അനുബന്ധമായി ചേർത്തിട്ടുള്ള ഫാറത്തിൽ ആയിരിക്കേണ്ടതും അതു സെക്രട്ടറിക്ക് അയച്ചുകൊടുക്കേണ്ടതും ആകുന്നു. നാമനിർദ്ദേശം പിൻവലിച്ചവരുടെ പേരുകൾ ഒഴിവാക്കിയുള്ള അന്തിമ അജണ്ട യോഗദിവസത്തിന് ഏഴു ദിവസം മുമ്പ് യോഗസ്ഥലത്തും കാതോലിക്കേറ്റ് ഓഫീസിലും സഭയുടെ ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു.

VI. അസോസിയേഷൻ യോഗം

1. അസോസിയേഷൻ യോഗാംഗങ്ങൾ യോഗം ആരംഭിക്കുന്നതിനു മുപ്പതു മിനിട്ട് മുമ്പെങ്കിലും യോഗസ്ഥലത്ത് നിശ്ചിത സ്ഥാനങ്ങളിൽ ഇരിക്കേണ്ടതും പട്ടക്കാർക്കും അത്മായക്കാർക്കും പ്രത്യേകം സ്ഥാനങ്ങളിൽ ഇരിപ്പിടങ്ങൾ നിശ്ചയിക്കാവുന്നതും നിശ്ചിത സ്ഥാനങ്ങളെപ്പറ്റി യോഗസ്ഥലത്ത് അറിവുകൊടുക്കേണ്ടതും ആകുന്നു. വല്ല കാരണവശാലും താമസിച്ചുവരുന്നവർ പ്രസിഡന്റോ അതിലേക്കു പ്രസിഡന്റ് നിയോഗിച്ചിട്ടുള്ളവരോ നിർദ്ദേശിക്കുന്ന സ്ഥാനത്ത് ഇരിക്കേണ്ടതാകുന്നു.

2. മേൽ V-ാം വകുപ്പ്, ഉപവകുപ്പ് 6 ൽ പറയുന്നപ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുള്ള അന്തിമ അജണ്ട അനുസരിച്ച് അസോസിയേഷൻ യോഗം നടത്തേണ്ടതാകുന്നു.

3. അസോസിയേഷൻ തെരഞ്ഞെടുക്കേണ്ട മേൽപ്പട്ടക്കാരനെ തെരഞ്ഞെടുക്കുന്നതിനെപ്പറ്റി അസോസിയേഷൻ യോഗം ആലോചിക്കുമ്പോൾ ആദ്യമായി സെക്രട്ടറി അസോസിയേഷൻ യോഗത്തിന്റെ അജണ്ടയിൽ ചേർത്തിട്ടുള്ള നാമനിർദ്ദേശങ്ങൾ അതിൽ ചേർത്തിട്ടുള്ള മുറയ്ക്കു വായിക്കേണ്ടതും അവ യോഗം പരിഗണിക്കുന്നതുമാകുന്നു.

4. മേൽ 3-ാം ഉപവകുപ്പിൽ വിവരിച്ചിട്ടുള്ളപ്രകാരം അസോസിയേഷൻ യോഗം പരിഗണനയ്ക്കെടുക്കുന്ന നാമനിർദ്ദേശം ഒന്നു മാത്രമേയുള്ളൂ എങ്കിൽ അപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട മേൽപ്പട്ടക്കാരൻ ഏകാഭിപ്രായമായി തെരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കപ്പെടുന്നതാകുന്നു. അസോസിയേഷൻ യോഗം പരിഗണനയ്ക്ക് എടുക്കുന്ന നാമനിർദ്ദേശങ്ങൾ ഒന്നിലധികം ഉണ്ടായിരുന്നാൽ വോട്ടിംഗ് നടത്തി ഫലം പ്രഖ്യാപിക്കേണ്ടതും വോട്ടിംഗ് കൈമാറ്റം ചെയ്യാവുന്ന ഒറ്റ വോട്ട് (Single Transferable Vote) സമ്പ്രദായമനുസരിച്ച് രഹസ്യ ബാലറ്റിംഗ് മൂലം നടത്തേണ്ടതും നാമനിർദ്ദേശം ചെയ്യപ്പെട്ടവരിൽ ഒരു മേൽപ്പട്ടക്കാരൻ തെരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കുന്നതിന് വോട്ടു ചെയ്യുന്ന അംഗങ്ങളുടെ സാധുവായ വോട്ടുകളിൽ (Valid Votes) അമ്പതു ശതമാനത്തിലധികം വോട്ടുകൾ കിട്ടിയിരിക്കേണ്ടതും വോട്ടുകൾ തുല്യമായി വരുമ്പോൾ അങ്ങനെയുള്ളവരെ സംബന്ധിച്ച് ഫലം നറുക്കിട്ടു നിർണയിക്കേണ്ടതുമാകുന്നു. തെരഞ്ഞെടുപ്പു ഫലം പ്രസിഡന്റ് പ്രഖ്യാപിക്കുന്നതാകുന്നു.

ഭാഗം 3

VII. സമുദായ കൂട്ടു ട്രസ്റ്റികളുടെ തെരഞ്ഞെടുപ്പ്

1. ഭരണഘടന 91, 93 ഈ വകുപ്പുകളിൽ പറയുന്ന കൂട്ടുട്രസ്റ്റികളെ നാമനിർദ്ദേശം ചെയ്യുന്നതും തെരഞ്ഞെടുക്കുന്നതും താഴെ വിവരിച്ചിരിക്കുന്ന പ്രകാരമായിരിക്കേണ്ടതാകുന്നു.

2. കൂട്ടുട്രസ്റ്റികളായി ഒരു പട്ടക്കാരനേയും ഒരു അയ്മേനിയേയും നാമനിർദ്ദേശം ചെയ്യുന്നതിന് അസോസിയേഷൻ അംഗങ്ങൾക്ക് അവകാശമുള്ളതും ആയതിലേക്കുള്ള നാമനിർദ്ദേശം അസോസിയേഷൻ യോഗത്തിന് കുറഞ്ഞത് 15 ദിവസം മുമ്പ് സെക്രട്ടറിക്ക് കിട്ടത്തക്കവിധം അയച്ചുകൊടുക്കുകയോ നേരിട്ട് നൽകുകയോ ചെയ്യേണ്ടതും, രണ്ടു സ്ഥാനങ്ങളിലേക്കും പ്രത്യേകം നാമനിർദ്ദേശങ്ങൾ ഈ നടപടിച്ചട്ടങ്ങളിൽ V-ാം അനുബന്ധമായി ചേർത്തിട്ടുള്ള നാമനിർദ്ദേശ പത്രികയുടെ ഫോറത്തിൽ ആയിരിക്കേണ്ടതുമാകുന്നു.

3. മേൽ ഉപവകുപ്പ് 2 പ്രകാരമുള്ള ഓരോ നാമനിർദ്ദേശ പത്രികയിലും മേൽ IV-ാം വകുപ്പ് ഉപവകുപ്പ് 7 ൽ വിവരിച്ചിട്ടുള്ളപ്രകാരം സെക്രട്ടറി പ്രസിദ്ധപ്പെടുത്തുന്ന ലിസ്റ്റിൽ പേരുള്ള അസോസിയേഷൻ അംഗങ്ങളിൽ വോട്ടവകാശമുള്ള മുപ്പത് പേർ എങ്കിലും ഒപ്പിട്ടിരിക്കേണ്ടതും ഏതെങ്കിലും ഒരു അസോ

സിയേഷൻ അംഗത്തിന് ഒരു സ്ഥാനത്തേക്ക് ഒന്നിലധികം നാമനിർദ്ദേശ പത്രികകളിൽ ഒപ്പിടുന്നതിന് അവകാശം ഇല്ലാത്തതുമാണ്.

4. നാമനിർദ്ദേശ പത്രികകൾ മേൽ വിവരിച്ചിട്ടുള്ള ഫാറത്തിലാണോ എന്നും അതിലെ പേരുകളും ഒപ്പുകളും നിജമാണോ എന്നും അസോസിയേഷൻ അംഗങ്ങൾ ഒരു സ്ഥാനത്തേക്ക് ഒന്നിലധികം നാമനിർദ്ദേശപത്രികകളിൽ ചേർന്നിട്ടുണ്ടോ എന്നും മേൽ IV-ാം വകുപ്പ് ഉപവകുപ്പ് 1ൽ പറഞ്ഞിട്ടുള്ള ട്രിബ്യൂണൽ പരിശോധിക്കുന്നതിനും ഈ നടപടിചട്ടങ്ങൾക്ക് അനുസരണമാണെന്നു കാണുന്ന നാമനിർദ്ദേശങ്ങൾ മാത്രം അസോസിയേഷൻ അംഗങ്ങൾ അസോസിയേഷൻ യോഗത്തിൽ അവതരിപ്പിക്കുന്ന സാധുവായ നാമനിർദ്ദേശങ്ങൾ ആയിരിക്കുന്നതും ആകുന്നു.

5. സാധുവായ നാമനിർദ്ദേശങ്ങളുടെ പ്രസിദ്ധപ്പെടുത്തൽ, നാമനിർദ്ദേശങ്ങളുടെ പിൻവലിക്കൽ, അന്തിമ അജണ്ടയുടെ പ്രസിദ്ധപ്പെടുത്തൽ, അസോസിയേഷൻ യോഗത്തിന്റെ നടത്തിപ്പ് എന്നിവ സംബന്ധിച്ച് മേൽ V, VI എന്നീ വകുപ്പുകളിൽ പ്രതിപാദിച്ചിട്ടുള്ള സമയക്രമവും മറ്റും അതതു സംഗതികളിന്മേൽ കൂട്ടുട്രസ്റ്റികളുടെ തെരഞ്ഞെടുപ്പിനും ബാധകമായിരിക്കുന്നതാണ്.

6. അന്തിമ അജണ്ട പ്രകാരം അസോസിയേഷൻ യോഗം പരിഗണനയ്ക്കെടുക്കുന്ന നാമനിർദ്ദേശം ഒന്നു മാത്രമേയുള്ളു എങ്കിൽ അപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട ആൾ ഏകാഭിപ്രായമായി തെരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കപ്പെടുന്നതാകുന്നു. അസോസിയേഷൻ യോഗം പരിഗണനയ്ക്ക് എടുക്കുന്ന നാമനിർദ്ദേശങ്ങൾ ഒന്നിലധികം ഉണ്ടായിരുന്നാൽ വോട്ടിംഗ് നടത്തി ഫലം പ്രഖ്യാപിക്കേണ്ടതും, ഏറ്റവും കൂടുതൽ വോട്ടുകൾ ലഭിച്ചയാൾ തെരഞ്ഞെടുക്കപ്പെടുന്നതുമാണ്.

7. വോട്ടുകൾ തുല്യമായി വരുമ്പോൾ അങ്ങനെയുള്ളവരെ സംബന്ധിച്ച് ഫലം നറുക്കിട്ടു നിർണയിക്കേണ്ടതാണ്.

ഭാഗം 4

VIII. എപ്പിസ്കോപ്പാമാരുടെയോ മെത്രാപ്പോലീത്താമാരുടെയോ സ്ഥാനത്തേയ്ക്കുള്ള തെരഞ്ഞെടുപ്പ്

1. എപ്പിസ്കോപ്പാ/മെത്രാപ്പൊലീത്താ സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പു സംബന്ധിച്ചുള്ള മാനദണ്ഡങ്ങളും നടപടിച്ചട്ടങ്ങളും 2007 ഡിസംബർ 6-ാം തീയതി സമ്മേളിച്ച എപ്പിസ്കോപ്പൽ സിനഡ് അംഗീകരിച്ച് 2008 ഫെബ്രുവരി 20-ാം തീയതിയിലെ മാനേജിംഗ് കമ്മിറ്റിയിൽ പ്രസ്താവിച്ച് മലങ്കര മെത്രാപ്പോലീത്താ പ്രാബല്യത്തിൽ വരുത്തിയിട്ടുള്ളതാകയാൽ ടി സ്ഥാനത്തേക്കുള്ള നാമനിർദ്ദേശം, തെരഞ്ഞെടുപ്പ് എന്നിവ ടി നടപടി ചട്ടങ്ങൾ പ്രകാരവും ആയതിന് വരുത്തുന്ന ഭേദഗതികൾ അനുസരിച്ചും നടത്തേണ്ടതാകുന്നു.

2. എപ്പിസ്കോപ്പാ/മെത്രാപ്പോലീത്താ സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പിനായുള്ള അസോസിയേഷൻ യോഗനടത്തിപ്പിന് ഈ നടപടിച്ചട്ടപ്രകാരമുള്ള മറ്റ് പൊതു നിബന്ധനകൾ ബാധകമായിരിക്കുന്നതാണ്.

ഭാഗം 5

IX. മാനേജിംഗ് കമ്മിറ്റി അംഗങ്ങളുടെ തെരഞ്ഞെടുപ്പ്

1. മാനേജിംഗ് കമ്മിറ്റി അംഗങ്ങളുടെ നാമനിർദ്ദേശം, തെരഞ്ഞെടുപ്പ് മുതലായവ താഴെ വിവരിച്ചിട്ടുള്ള ചട്ടങ്ങൾ അനുസരിച്ചായിരിക്കേണ്ടതാകുന്നു.

2. അസോസിയേഷൻ യോഗത്തിന്റെ നോട്ടീസ് അനുസരിച്ച് ഓരോ പള്ളി ഇടവകയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളും മാനേജിംഗ് കമ്മിറ്റി അംഗങ്ങളും പ്രസിഡന്റ് അതിലേക്കു നിശ്ചയിച്ച് അധികാരപ്പെടുത്തിയിട്ടുള്ള മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ, നിശ്ചയിച്ച് അറിയിക്കുന്ന തീയതികളിലും, സ്ഥലത്തും, നടപടിക്രമപ്രകാരവും യോഗം കൂടേണ്ടതും അതതു മെത്രാസനത്തിൽ നിന്ന് അസോസിയേഷൻ മാനേജിംഗ് കമ്മിറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് അതതു യോഗത്തിൽ ഹാജരുള്ള അംഗങ്ങളുടെ ഭൂരിപക്ഷം അനുകൂലിക്കുന്നവരെ നാമനിർദ്ദേശം ചെയ്യേണ്ടതും അങ്ങനെ നാമനിർദ്ദേശം ചെയ്യപ്പെട്ടവരുടെ ലിസ്റ്റും അതോടുകൂടി അതതു യോഗത്തിന്റെ മിനിട്സ് അദ്ധ്യക്ഷൻ ഒപ്പുവച്ച് അതും അസോസിയേഷൻ യോഗത്തിന് പതിനഞ്ച് ദിവസത്തിനു മുമ്പ് സെക്രട്ടറിക്ക് കിട്ടത്തക്കവണ്ണം അയച്ചു കൊടുക്കുകയോ നേരിട്ട് നൽകുകയോ ചെയ്യേണ്ടതുമാകുന്നു.

3. ഓരോ മെത്രാസനത്തിൽ നിന്നും മേൽ 2-ാം ഉപവകുപ്പിൻപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടാവുന്നവരുടെ സംഖ്യ മാനേജിംഗ് കമ്മിറ്റി നിശ്ചയിക്കുന്നതും പ്രസിഡന്റ് അറിയിക്കുന്നതും ആകുന്നു.

4. മേൽ 2-ാം ഉപവകുപ്പിൽ വിവരിച്ചിട്ടുള്ള പ്രകാരമുള്ള നാമനിർദ്ദേശങ്ങൾക്കും പുറമേ മറ്റാരെയെങ്കിലും നാമനിർദ്ദേശം ചെയ്യണമെന്ന് സെക്രട്ടറി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള അസോസിയേഷൻ അംഗങ്ങളുടെ ലിസ്റ്റിൽ പേരുള്ളവരിൽ ആർക്കെങ്കിലും അഭിപ്രായമുള്ളപക്ഷം അതത് മെത്രാസനാടിസ്ഥാനത്തിൽ ഈ ചട്ടങ്ങളുടെ ഒടുവിൽ VI-ാം അനുബന്ധമായി ചേർത്തിട്ടുള്ള നാമനിർദേശപത്രികയുടെ ഫാറത്തിൽ നാമനിർദ്ദേശം ചെയ്യാവുന്നതും അതിൽ പ്രസ്തുത ലിസ്റ്റിൽ പേരുള്ളവരിൽ വോട്ടവകാശമുള്ള നൂറ് പേർ എങ്കിലും ഒപ്പിട്ടിരിക്കേണ്ടതും ഒരു അസോസിയേഷൻ അംഗത്തിന് ഓരോ മെത്രാസനത്തിൽ നിന്നും തെരഞ്ഞെടുക്കേപ്പെടേണ്ട മാനേജിംഗ് കമ്മിറ്റി അംഗങ്ങളുടെ സംഖ്യയിൽ കൂടുതൽ നാമനിർദ്ദേശങ്ങളിൽ ചേരുവാൻ പാടില്ലാത്തതും നാമനിർദ്ദേശം അസോസിയേഷൻ യോഗത്തിന് പതിനഞ്ച് ദിവസത്തിനു മുമ്പ് സെക്രട്ടറിക്കു കിട്ടത്തക്കവണ്ണം അയച്ചു കൊടുക്കുകയോ നേരിട്ട് നൽകുകയോ ചെയ്യേണ്ടതും അതു കഴിഞ്ഞു കിട്ടുന്ന നാമനിർദ്ദേശങ്ങൾ സ്വീകാര്യമല്ലാത്തതുമാകുന്നു.

5. നാമനിർദ്ദേശങ്ങൾ ശരിയായ ഫാറത്തിലാണോ എന്നും അതിലെ പേരുകളും ഒപ്പുകളും നിജമാണോ എന്നും അസോസിയേഷൻ അംഗങ്ങൾ അവകാശമുള്ളതിൽ കൂടുതൽ നാമനിർദ്ദേശങ്ങളിൽ ചേർന്നിട്ടുണ്ടോ എന്നും മേൽ IV-ാം വകുപ്പ് ഉപവകുപ്പ് 1 ൽ പറഞ്ഞിട്ടുള്ള ട്രിബ്യൂണൽ പരിശോധിച്ചു തീരുമാനിക്കുന്നതും ട്രിബ്യൂണൽ സ്വീകരിക്കുന്ന നാമനിർദ്ദേശങ്ങൾ മാത്രം സാധുവായിരിക്കുന്നതും ആകുന്നു.

6. മേൽ 5-ാം ഉപവകുപ്പിൽ ചേർത്തിരിക്കുന്ന പരിശോധനയിൽ സാധുവായി കാണുന്ന നാമനിർദ്ദേശങ്ങൾ അവരവരുടെ മെത്രാസനാടിസ്ഥാനത്തിൽ അസോസിയേഷന്റെ അജണ്ടയിൽ ചേർക്കുന്നതും അസോസിയേഷൻ യോഗത്തിനു പത്തു ദിവസം മുമ്പ് യോഗസ്ഥലത്തും കാതോലിക്കേറ്റ് ഓഫീസിലും പ്രസിദ്ധപ്പെടുത്തുന്നതും ആകുന്നു.

7. അജണ്ട പ്രസിദ്ധപ്പെടുത്തിയ ശേഷം മൂന്നു ദിവസത്തിനകം ഏതെങ്കിലും നാമനിർദ്ദേശം പിൻവലിക്കാവുന്നതാകുന്നു. നാമനിർദ്ദേശം പിൻവലിക്കുന്നത് ഈ നടപടി ചട്ടങ്ങളിൽ VII-ാം അനുബന്ധമായി ചേർത്തിട്ടുള്ള ഫാറത്തിൽ ആയിരിക്കേണ്ടതും അതു സെക്രട്ടറിക്ക് അയച്ചുകൊടുക്കേണ്ടതും ആകുന്നു. നാമനിർദ്ദേശം പിൻവലിച്ചവരുടെ പേരുകൾ ഉൾപ്പെടുത്താതെയുള്ള അന്തിമ അജണ്ട യോഗദിവസത്തിന് ഏഴു ദിവസം മുമ്പ് യോഗസ്ഥലത്തും കാതോലിക്കേറ്റ് ഓഫീസിലും പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു.

8. അസോസിയേഷൻ യോഗം മാനേജിംഗ് കമ്മിറ്റി അംഗങ്ങളുടെ തെരഞ്ഞെടുപ്പിനെപ്പറ്റി ആലോചിക്കുമ്പോൾ ആദ്യമായി സെക്രട്ടറി അജണ്ടയിൽ മെത്രാസനാടിസ്ഥാനത്തിൽ ചേർത്തിട്ടുള്ള നാമനിർദ്ദേശങ്ങൾ അതിൽ ചേർത്തിട്ടുള്ള മുറയ്ക്കു വായിക്കേണ്ടതും അവ യോഗം പരിഗണിക്കുന്നതും ഓരോ മെത്രാസനാടിസ്ഥാനത്തിലുമുള്ള നാമനിർദ്ദേശങ്ങളുടെ എണ്ണം അതതു മെത്രാസനത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെടേണ്ട മാനേജിംഗ് കമ്മിറ്റി അംഗങ്ങളുടെ സംഖ്യയിൽ കൂടുതൽ ഇല്ലാത്തപക്ഷം അപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ടവർ ഏകാഭിപ്രായമായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതായി പ്രഖ്യാപിക്കപ്പെടുന്നതും നാമനിർദ്ദേശങ്ങളുടെ എണ്ണം കൂടുതൽ ആയിരുന്നാൽ വോട്ടിംഗ് നടത്തി ഫലം പ്രഖ്യാപിക്കേണ്ടതും ആകുന്നു. തെരഞ്ഞെടുപ്പു ഫലം പ്രസിഡന്റ് പ്രഖ്യാപിക്കുന്നതാകുന്നു.

9. മേൽ 8-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള വോട്ടിംഗ് കൈമാറ്റം ചെയ്യുവാൻ പാടില്ലാത്ത ഒറ്റ വോട്ടു സമ്പ്രദായത്തിൽ രഹസ്യ ബാലറ്റിംഗ് മൂലം നടത്തേണ്ടതും വോട്ടുകൾ തുല്യമായി വരുമ്പോൾ ഫലം നറുക്കിട്ട് തീരുമാനിക്കുന്നതുമാകുന്നു.

10. സാധുവായ നാമനിർദ്ദേശങ്ങളുടെ പ്രസിദ്ധപ്പെടുത്തൽ, നാമനിർദ്ദേശങ്ങളുടെ പിൻവലിക്കൽ, അന്തിമ അജണ്ടയുടെ പ്രസിദ്ധപ്പെടുത്തൽ, അസോസിയേഷൻ യോഗത്തിന്റെ നടത്തിപ്പ് എന്നിവ സംബന്ധിച്ച് മേൽ V, VI എന്നീ വകുപ്പുകളിൽ പ്രതിപാദിച്ചിട്ടുള്ള സമയക്രമവും മറ്റും അതതു സംഗതികളി

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ന്മേൽ മാനേജിംഗ് കമ്മിറ്റി അംഗങ്ങളുടെ തെരഞ്ഞെടുപ്പിനും ബാധകമായിരിക്കുന്നതാണ്.

ഭാഗം 6

X. ജനറൽ

1. അസോസിയേഷൻ യോഗത്തിൽ ആലോചിച്ചു നിശ്ചയിക്കേണ്ട ഏതെങ്കിലും വിഷയം സംബന്ധിച്ച് പ്രമേയം അവതരിപ്പിക്കുന്നതിനും, അസോസിയേഷനിൽ നടക്കുന്ന തെരഞ്ഞെടുപ്പുകളിൽ നിയമന ചുമതലയുള്ള സംഗതികളിൽ നാമനിർദ്ദേശം സമർപ്പിക്കുന്നതിനും, അസോസിയേഷൻ മാനേജിംഗ് കമ്മിറ്റിക്ക് അവകാശം ഉണ്ടായിരിക്കുന്നതും ആ പ്രമേയമോ നാമനിർദ്ദേശമോ നിർദ്ദിഷ്ട യോഗങ്ങളുടെ അജണ്ടകളിൽ ഉൾപ്പെടുത്തേണ്ടതും ആകുന്നു.

2. ഈ നടപടി ചട്ടങ്ങളിൽ വിവരിച്ചിട്ടുള്ള വോട്ടിംഗ്, യോഗസമയത്തോ പ്രസിഡന്റിനു യുക്തമെന്നു കണ്ടാൽ പ്രസിഡന്റ് നിശ്ചയിക്കുന്ന പ്രകാരം മറ്റു സമയത്തോ സ്ഥലത്തോ വച്ചോ, നടത്താവുന്നതാകുന്നു. വോട്ടിംഗ് സംബന്ധിച്ച കാര്യങ്ങൾക്ക് പ്രസിഡന്റിനെ സഹായിക്കുന്നതിന് ആവശ്യമുള്ളവരെ പ്രസിഡന്റിന് നിയമിക്കാവുന്നതാകുന്നു.

3. ഈ നടപടി ചട്ടങ്ങൾ സംബന്ധിച്ചോ അസോസിയേഷൻ യോഗത്തിൽ ചെയ്യുന്ന തീരുമാനങ്ങൾ സംബന്ധിച്ചോ ഇവയിൽപെടാത്തതായി അസോസിയേഷൻ യോഗനടത്തിപ്പിന് അതതു സമയത്ത് ആവശ്യമായി വരുന്ന ഏതെങ്കിലും കാര്യങ്ങൾ സംബന്ധിച്ചോ അസോസിയേഷൻ യോഗത്തിൽ വച്ചോ അതിനു മുമ്പോ അപ്പോഴപ്പോൾ വേണ്ട തീരുമാനം ചെയ്യുന്നതിന് പ്രസിഡന്റിന് അധികാരം ഉണ്ടായിരിക്കുന്നതും പ്രസിഡന്റ് ചെയ്യുന്ന തീരുമാനങ്ങളെ ആർക്കും ചോദ്യം ചെയ്യുവാൻ പാടില്ലാത്തതും ആകുന്നു.

4. അസോസിയേഷൻ തെരഞ്ഞെടുക്കേണ്ട സ്ഥാനങ്ങളിലേക്കുള്ള നാമനിർദ്ദേശപത്രികകൾ കാതോലിക്കേറ്റ് ഓഫീസിന്റെ അസ്സൽ മുദ്രയോടു കൂടിയ അതതു ഫോറത്തിൽ ആയിരിക്കേണ്ടതും, ഒരാളിനെ നാമനിർദ്ദേശം ചെയ്യുന്നതിലേക്ക് മൂന്നിൽ കൂടുതൽ നാമനിർദ്ദേശ ഫോറങ്ങൾ തയ്യാറാക്കുകയോ സമർപ്പിക്കുകയോ ചെയ്തുകൂടാത്തതുമാണ്.

5. പ്രതിനിധികളുടെ തെരഞ്ഞെടുപ്പ് അറിയിപ്പുഫാറങ്ങൾ, ട്രിബ്യൂണലിന്റെ മുമ്പാകെ സമർപ്പിക്കുന്ന പരാതികൾ, നാമനിർദ്ദേശ പത്രികകൾ, നാമനിർദ്ദേശപത്രിക പിൻവലിക്കുന്നതിനുള്ള അറിയിപ്പ് എന്നിവ രജിസ്റ്റേർഡ് പോസ്റ്റു വഴി അയയ്ക്കുകയോ നേരിട്ട് നൽകുകയോ ചെയ്യേണ്ടതാകുന്നു.

6. ഏതെങ്കിലും ഇടവകയോഗം മേൽ III-ാം വകുപ്പ് 1-ാം ഉപവകുപ്പിൽ പറയുന്നപ്രകാരം കൂടിയില്ലെന്നോ, പ്രതിനിധികളെ തെരഞ്ഞെടുത്തില്ലെന്നോ അവർക്ക് അധികാരപത്രം കൊടുത്തില്ലെന്നോ, അവരെ തെരഞ്ഞെടുത്ത വിവരം അറിയിക്കുന്നതിനുള്ള തെരഞ്ഞെടുപ്പ് അറിയിപ്പുഫാറം പൂരിപ്പിച്ച് സെക്രട്ടറിക്ക് അയച്ചില്ലെന്നോ, മേൽ IX-ാം ഉപവകുപ്പ് 2-ൽ പറയുന്ന യോഗം ഏതെങ്കിലും മെത്രാസനത്തിൽ കൂടിയില്ലെന്നോ, വേണ്ട നാമനിർദ്ദേശം ചെയ്തില്ലെന്നോ മറ്റോ ഉള്ള കാരണത്താൽ അസോസിയേഷൻ നടത്തുന്ന യാതൊരു തെരഞ്ഞെടുപ്പും അസാധുവാകുന്നതല്ല.

7. അസോസിയേഷൻ യോഗം കൂടുന്നതിനുള്ള നോട്ടീസ് ഏതെങ്കിലും പള്ളിക്ക് അയയ്ക്കുന്നതു സംബന്ധിച്ചോ അസോസിയേഷൻ നടത്തുന്ന ഏതെങ്കിലും തെരഞ്ഞെടുപ്പു സംബന്ധിച്ചോ എന്തെങ്കിലും തർക്കം ഉണ്ടായാൽ അതു മേൽ IV-ാം വകുപ്പ് ഉപവകുപ്പ് 1ൽ പറയുന്ന ട്രിബ്യൂണൽ കേട്ട് തീരുമാനിക്കുന്നതും ആ തീരുമാനം അന്തിമ തീരുമാനമായിരിക്കുന്നതുമാകുന്നു.

8. പ്രകൃതി ദുരന്തങ്ങളോ മഹാമാരികളോ സമാന സ്വഭാവമുള്ള 'ആക്ട് ഓഫ് ഗോഡ്' (Act of God) എന്ന നിയമവിവക്ഷയിൽ ഉൾപ്പെടുത്താവുന്ന മറ്റു അപ്രതീക്ഷിത സാഹചര്യങ്ങളോ മൂലം മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ അംഗങ്ങൾക്ക് അസോസിയേഷൻ യോഗത്തിന് നേരിട്ട് ഹാജരാകാൻ കഴിയാതെ വരികയും; തന്മൂലം ഒരുമിച്ചുചേർന്ന് യോഗം നടത്താൻ കഴിയാതെ വരുകയും ചെയ്യുന്നപക്ഷം, പ്രസിഡന്റിനു പ്രസ്തുത സാഹചര്യം പ്രഖ്യാപിക്കാൻ അധികാരമുള്ളതും, ഇന്റർനെറ്റ് വീഡിയോ കോൺഫ്രൻസിംഗ് പ്ലാറ്റ്ഫോമുകൾ ഉൾപ്പെടെയുള്ള ആധുനിക വിവര വിനിമയ സംവിധാനങ്ങളും സാങ്കേതിക വിദ്യയും ഉപയോഗപ്പെടുത്തിക്കൊണ്ട് അസോസിയേഷൻ യോഗം ചേരാവുന്നതും, ആവശ്യമായി വരുന്നപക്ഷം പ്രസ്തുത സാഹചര്യത്തിൽ ടി സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് വോട്ടെടുപ്പ്, വോട്ടെണ്ണൽ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്. മേൽപറഞ്ഞവ സംബന്ധിച്ച ക്രമീകരണങ്ങളും നടപടിക്രമങ്ങളും നിശ്ചയിക്കുവാൻ പ്രസിഡന്റിന് പരിപൂർണ്ണ അധികാരമുണ്ടായിരിക്കുന്നതാണ്.

9. അസോസിയേഷനും, മാനേജിംഗ് കമ്മിറ്റിയും തെരഞ്ഞെടുക്കേണ്ട എല്ലാ സ്ഥാനികളുടേയും അംഗങ്ങളുടേയും പ്രായം, യോഗ്യത, പെരുമാറ്റച്ചട്ടം, ഈ നടപടിച്ചട്ടങ്ങളുടെ ഭേദഗതി എന്നിവ സംബന്ധിച്ച് യുക്തമായ തീരുമാനങ്ങളെടുക്കുന്നതിനും, പ്രഖ്യാപിച്ച് നടപ്പിൽ വരുത്തുന്നതിനും മലങ്കര മെത്രാപ്പോലീത്തായ്ക്ക് അവകാശമുണ്ടായിരിക്കുന്നതാണ്. ❑



നവജ്യോതി മോംസ്: അഖിലമലങ്കര വാർഷിക പൊതുയോഗം സംഘടിപ്പിച്ചു

മാവേലിക്കര: മലങ്കര ഓർത്തഡോക്സ് സഭയുടെ വനിതാ-സാമൂഹ്യ വികസന സംരംഭമായ നവജ്യോതി മോംസിന്റെ അഖിലമലങ്കര വാർഷിക പൊതുയോഗം തഴക്കര തിയോഭവൻ അരമന ഓഡിറ്റോറിയത്തിൽ പ്രസിഡണ്ടു അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപോലിത്ത ഉദ്ഘാടനം ചെയ്തു.

കോവിഡ് കാലത്തെ സാമ്പത്തിക പ്രതിസന്ധി വനിതകളുടെ സ്വയം സഹായ പ്രവർത്തനങ്ങളിലൂടെ മറികടക്കാൻ കഴിയുമെന്ന് അദ്ദേഹം പറഞ്ഞു. സാമ്പത്തിക വളർച്ചയോടൊപ്പം സഭാ-സാമൂഹിക മേഖലകളിൽ നേതൃത്വരംഗങ്ങളിലും വനിതകൾ കൂടുതലായി മുന്നോട്ടുവരണമെന്നും അതിനു നവജ്യോതി മോംസിന്റെ പ്രവർത്തനങ്ങൾ സഹായകരമാകുമെന്നും അദ്ദേഹം പറഞ്ഞു. വൈസ് പ്രസിഡണ്ടു ഫാ. ബോബി പീറ്റർ അധ്യക്ഷത വഹിച്ചു.

പുതിയ കേന്ദ്ര ജനറൽ സെക്രട്ടറിയായി ശാന്തമ്മ വർഗീസ് (നിരണം) ട്രഷറർ റീത്ത മനു (മാവേലിക്കര), ജോയിന്റ് സെക്രട്ടറി മിനി ശിവജി (അങ്കമാലി) എന്നിവരെ യോഗം തെരഞ്ഞെടുത്തു. അടുത്ത മൂന്നു വർഷത്തേക്കുള്ള ഭരണ സമിതിയെയും യോഗം തെരഞ്ഞെടുത്തു.

സ്ഥാനമൊഴിയുന്ന ജനറൽ സെക്രട്ടറി സാലി ജോസ് ,ട്രെഷറർ സജി ജേക്കബ് എന്നിവരെ ആദരിച്ചു. കേന്ദ്ര ഡയറക്റ്റർ ഡോ.സിബി തരകൻ, ഫാ. തോമസ് പോൾ റമ്പാൻ എന്നിവർ പ്രസംഗിച്ചു.

ഫാ. ജസ്റ്റിൻ അനിയൻ അച്ചാമ്മ ജോർജ്, ജോയ്സ് തോമസ്,തങ്കമ്മ മംഗലപ്പള്ളി എന്നിവർ ചർച്ചകളിൽ പങ്കെടുത്തു.

സോണൽ പ്രസിഡന്റുമാരായി ഫാ.ജയിംസ് നല്ലില,ഫാ.ഐപ്പ് വി.സാം, ഫാ.ഗീവർഗീസ് ജേക്കബ്, ഫാ. നെൽസൺ മാത്യു എന്നിവരെയും സോണൽ സെക്രട്ടറിമാരായി സിസി കുര്യൻ, മിനി ജോസഫ്, ഷൈനി ബിജു, ഡോ. അച്ചാമ്മ ജോർജ് എന്നിവരെയും തെരഞ്ഞെടുത്തു.

യൂണിറ്റുകൾക്ക് നൽകുന്ന റിവോൾവിങ് ഫണ്ടിന്റെ ഉദ്ഘാടനം മെത്രാപ്പോലീത്ത നിർവഹിച്ചു. വാർഷിക റിപ്പോർട്ടും വരവുചെലവു കണക്കും യോഗം അംഗീകരിച്ചു.

ലേഖനം

1934-ലെ മലങ്കരസഭാ ഭരണഘടനയും 1950 ജനുവരി 26-ലെ ഇന്ത്യൻ ഭരണഘടനയും

ഫാ. ജോൺസൺ പുഞ്ചക്കോണം


ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടിയത് 1947 ആഗസ്ത് 15-നാണ്. രാജ്യം റിപ്പബ്ലിക് ആയി പ്രഖ്യാപിക്കപ്പെട്ടത് 1950 ജനുവരി 26 -നും. സ്വാതന്ത്ര്യം കിട്ടിയെങ്കിലും അന്ന് സ്വന്തമായി ഒരു ഭരണഘടനയോടു കൂടിയ ഭരണവ്യവസ്ഥ രാജ്യത്ത് നിലവിൽ വന്നിരുന്നില്ല. സ്വാതന്ത്ര്യലബ്ധിക്കു മുമ്പുതന്നെ 1946ൽ രൂപീകരിച്ച കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയുടെ മൂന്നു വർഷത്തെ ശ്രമഫലമായാണ് ഇന്ത്യയുടെ ഭരണഘടന എഴുതി തയാറാക്കിയത്. 1949 നവംബർ 26ന് ഭരണഘടന പൂർത്തിയായി. 1950 ജനുവരി 26ന് ഭരണഘടന പ്രാബല്യത്തിൽ വന്നു. ഇതിനായി അക്ഷീണം പ്രയത്നിച്ചത് നിയമപണ്ഡിതനായ അംബേദ്കർ ആണ്. 1947 നവംബർ നാലിന് ഭരണഘടനാ കമ്മിറ്റി ഭരണഘടനാ നിർമാണസഭയിൽ കരട് രൂപരേഖ അവതരിപ്പിച്ചു. തുടർന്ന് ഭരണഘടനയുടെ ഉള്ളടക്കം ചർച്ച ചെയ്യാൻ ഭരണഘടനാ നിർമാണസഭ ദിവസങ്ങളോളം സമ്മേളിച്ചു. കരട് രൂപരേഖയിൽ ചില വ്യത്യാസങ്ങൾ വരുത്തി ഭരണഘടനാ നിർമാണസഭ ഇന്ത്യൻ ഭരണഘടന അംഗീകരിച്ചു. ഭരണഘടനാ നിർമാണസഭ അധ്യക്ഷൻ ഡോ. രാജേന്ദ്രപ്രസാദ് 1950 ജനുവരി 24-ന് ഭരണഘടന അംഗീകരിച്ച് ഒപ്പിട്ടതോടുകൂടി ഇന്ത്യൻ ഭരണഘടന നിലവിൽ വന്നു.

1934-ലെ സഭാ മലങ്കര ഭരണഘടന ചരിത്രം

1934 ഡിസംബർ 26-ന് കോട്ടയം എം.ഡി സെമിനാരിയിൽ കൂടിയ മലങ്കര അസോസിയേഷൻ പള്ളി പ്രതിപുരുഷ യോഗം അംഗീകരിച്ച മലങ്കര സഭാ ഭരണഘടന നിലവിൽ വന്ന ശേഷം കൃത്യമായി പഠിച്ചാൽ 16 വർഷവും 29 ദിവസവും കഴിഞ്ഞ് മാത്രമാണ് 1950 ജനുവരി 24 നാണ് ഇന്ത്യൻ ഭരണ ഘടന പോലും നിലവിൽ വന്നത് എന്നത് തർക്കമറ്റ യാഥാർഥ്യമാണ്.

1934 ഡിസംബർ 26-ന് ക്രോഡീകരിച്ച മലങ്കരസഭാ ഭരണഘടനയിൽ "അന്ത്യോഖ്യ" എന്ന പദം ഇല്ലായിരുന്നു. 1951-ലാണ് മലങ്കരസഭാ ഭരണഘടനയിൽ "അന്ത്യോഖ്യ" എന്ന പദം "പാത്രിയർക്കീസിന്" മുൻപ് കൂട്ടിച്ചേർത്തത്.

1934-ലെ ഭരണഘടന അച്ചടിച്ച രേഖയാണ്. അതിനു കൈയെഴുത്ത് കോപ്പി ഇല്ല. 1929-ൽ മലങ്കര മെത്രപൊലീത്ത പരിശുദ്ധ വട്ടശ്ശേരി തിരുമേനി സഭാ ഭരണഘടന ഉണ്ടാക്കുവാൻ ഒ. എം. ചെറിയാന്റെ നേതൃത്വത്തിൽ സബ് കമ്മിറ്റി ഉണ്ടാക്കുകയും വിശ്വാസികൾ ഉൾപ്പെടെ ഉള്ളവരുടെ പ്രൊപ്പോസൽ സ്വീകരിക്കുകയും അവയിൽ നിന്ന് ആവശ്യമായവ ഉൾപ്പെടുത്തി ക്രോഡീകരിച്ചുകൊണ്ട് 1934-ൽ കരട് പ്രസിദ്ധികരിക്കുകയും അതിന്റെ കോപ്പി മലങ്കര സഭയിലെ ഓരോ ഇടവകകൾക്കും അയച്ചുകൊടുക്കുകയും ചെയ്തു. വട്ടശേരിൽ തിരുമേനി കേരള കേസരി പത്രത്തിൽ പേര് വച്ച് അഭിപ്രായങ്ങൾ എഴുതി. എല്ലാ അഭിപ്രായങ്ങളും ക്രോഡികരിച്ച്, ഡ്രാഫ്റ്റ് കോപ്പി മനോരമ പ്രസിൽ അച്ചടിച്ച്, അത് എടവകകൾക്ക് അയച്ച് കൊടുക്കുകയും അത് 1934 ഡിസംബർ 26 നു എം.ഡി സെമിനാരിയിൽ കൂടിയ അസോസിയേഷൻ തിരുത്തലുകൾ വരുത്താതെ പാസാക്കുകയുമാണുണ്ടായത്. മലങ്കര അസോസിയേഷൻ ആ സഭാ ഭരണഘടന അംഗീകരിക്കുകയും അതു നടപ്പിൽ വരുത്തുകയും ചെയ്തു. ഇതാണ് ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായി രൂപീകൃതമായ മലങ്കര സഭാ ഭരണഘടനയുടെ നിർമ്മാണ ചരിത്രം. 1934 ഡിസംബർ 26-നു കോട്ടയം ഓ.ഉ സെമിനാരിയിൽ കൂടിയ മലങ്കര അസോസിയേഷൻ ഏകകണ്ഠമായി പാസാക്കിയ ഭരണഘടനയാണ് മലങ്കര സഭയുടെ ഭരണഘടന അഥവാ 1934-ലെ ഭരണഘടന. 1958-ലെ സുപ്രീം കോടതി വിധിയിൽ വളരെ കൃത്യമായി ഈ വസ്തുത രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ഭരണഘടന അടിസ്ഥാനമാക്കിയാണ് ബഹു. സുപ്രീംകോടതി 1958 ലും 1995-ലും 2002-ലും 2017-ലും 2018-ലും സുപ്രധാനമായ വിധികൾ പുറപ്പെടുവിച്ചത്.



യാക്കോബായ വിഭാഗം 1938-ൽ കോട്ടയം ജില്ലാക്കോടതിയിൽ (OS 111) കൊടുത്ത കേസാണ് ഒന്നാം സമുദായക്കേസ്. കേസിലെ പ്രധാന വാദം ഈ ഭരണഘടനയും അത് പാസാക്കിയ അസോസിയേഷനും അസാധുവാണെന്ന് പ്രഖ്യാപിക്കണം എന്നായിരുന്നു. ആ കേസ്സാണ് ചെലവ് സഹിതം തള്ളിക്കൊണ്ട് 1958-ൽ സുപ്രീംകോടതി വിധി കൽപ്പിച്ചത്. 1934-ഭരണഘടന സാധുവാണെന്ന് അസന്നിഗ്ധമായി സുപ്രീം കോടതി പ്രഖ്യാപിച്ചതാണ്. അന്നത്തെ കാലത്ത് 1000 കോപ്പികൾ അച്ചടിച്ച ആ ഭരണഘടനയെ ആധാരമാക്കിയാണ് കേസുകൾ നടന്നത്.

ബഹു. സുപ്രീം കോടതി പരിഗണിക്കുകയും, അംഗീകരിക്കുകയും ചെയ്ത ആ ഭരണഘടന 1951 ലും 1967-ലും 1997 ലും 2006 ലും 2011-ലും ഭേദഗതി ചെയ്തതാണ് നിലവിലെ ഒറിജിനൽ ഭരണഘടന. അതിനെ ആധാരമാക്കിയാണ് 2017-ൽ അരുൺ മിശ്ര അദ്ധ്യക്ഷനായ ബഞ്ചും 2018-ൽ ചീഫ് ജസ്റ്റിസ് അദ്ധ്യക്ഷനായ ബഞ്ചും കേസ് കേട്ട് തീർപ്പാക്കിയത്. എല്ലാം കൃത്യമായ രേഖയിൻപ്രകാരം നടന്നതും മിനുട്സുകൾ രേഖപ്പെടുത്തിയതും സുപ്രീം കോടതിയിൽ ഉൾപ്പെടെ ഹാജരാക്കി അംഗീകാരം വാങ്ങിയതുമാണ്. അഞ്ച് പ്രാവശ്യം സുപ്രീം കോടതി ഇഴകീറി പരിശോധിച്ച് തീർപ്പ് കൽപ്പിച്ച ഭരണഘടന ഏതെങ്കിലും കൈയെഴുത്ത്പ്രതിയിൽ മുക്കാനാകില്ല. 1934-ലെ ഭരണഘടന വിവിധ കോടതികളിൽ ഹാജരാക്കിയിട്ടുള്ളതും അതിൻപ്രകാരം തീർപ്പു കൽപ്പിച്ചതുമാണ്. സംശയമുള്ളവർക്ക് 1958-ലേയോ 1995 ലെയോ 2017- ലെയോ സുപ്രീം കോടതി പരിഗണിച്ച എക്സിബിറ്റ് ലിസ്റ്റ് പരിശോധിച്ച് സംശയം ദൂരീകരിക്കാം.

1958 ലെ സുപ്രീം കോടതി വിധി പ്രകാരം തീർപ്പ് കൽപ്പിച്ച ഒരു വിഷയം ആരാണ് സമുദായത്തിന്റെ പൊതുസ്വത്തുക്കൾ (common properties) കൈകാര്യം ചെയ്യേണ്ട ട്രസ്റ്റിമാർ ആര് എന്ന്. മലങ്കര ഓർത്തഡോക്സ് സഭയിലെ മലങ്കര മെത്രാപ്പോലീത്ത ആയിരുന്ന ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവയ്ക്ക് മാത്രമാണ് സമുദായത്തിന്റെ പൊതുസ്വത്തുക്കൾ (common properties) കൈകാര്യം ചെയ്യുവാനുള്ള അവകാശം എന്നാണു സുപ്രീം കോടതി വിധിച്ചത്.

പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ കാതോലിക്ക ബാവയെ മലങ്കര മെത്രാപ്പോലിത്ത ആയി തിരെഞ്ഞെടുത്ത കോട്ടയം എം.ഡി. സെമ്മിനാരി യോഗത്തിന്റെ നോട്ടീസ് കക്ഷിഭേദമെന്യേ മലങ്കര സഭയിലെ എല്ലാ പള്ളികൾക്കും അയച്ചു കൊടുക്കുകയുണ്ടായി. കൂടാതെ രണ്ട് മലയാളം പത്രത്തിലും ഈ നോട്ടീസ് പരസ്യം ചെയ്യുകയും ചെയ്തിരുന്നു. അതിൻപ്രകാരമാണ് മലങ്കര അസോസിയേഷൻ കൂടി മലങ്കര മെത്രാപ്പോലിത്തായെ തെരെഞ്ഞെടുത്തത്. മലങ്കര സഭ എക്കാലവും ഇതേ പാരമ്പര്യം തന്നെയാണ് മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ കൂടുന്നതിന് പിന്തുടരുന്നത്.

മലങ്കര ഓർത്തഡോക്സ് സഭക്ക് കോടതി ചിലവ് കൊടുക്കണമെന്ന കാര്യവും സുപ്രീം കോടതി വിധിയിൽ ഉണ്ടായിരുന്നു. 1958 ഒത്തുതീർപ്പ വ്യവസ്ഥകളിൽ '1934-ലെ ഭരണഘടനപ്രകാരം" എന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്.

1934-ലെ ഭരണഘടനയിൽ ഇടവക പള്ളികളിന്മേൽ ഭദ്രാസന മെത്രാപ്പോലീത്തമാർക്ക് അധികാരം ഉണ്ട്. ഇടവക സംബന്ധിച്ച് എല്ലാ തീരുമാനങ്ങളുടേയും അവസാന തീർപ്പ് ഭദ്രാസന മെത്രാപ്പോലീത്താക്ക് ആണ്. ഇടവക പൊതുയോഗ തീരുമാനങ്ങൾ നടപ്പിലാകണമെങ്കിൽ മെത്രാപ്പോലീത്തായുടെ അംഗീകാരവും അനുവാദവും വേണം. ഇടവക പൊതുയോഗം തെരഞ്ഞെടുക്കുന്ന പുതിയ മാനേജിങ് കമ്മറ്റി ചുമതല ഏൽക്കണമെങ്കിൽ ഭദ്രാസന മെത്രാപ്പോലീത്തായുടെ അനുമതി കൂടി വേണം.

തലേ ദിവസം വരെ "വൃദ്ധൻ പുന്നൂസ്" എന്ന് പരിഹസിച്ചിരുന്ന ഗീവർഗീസ് ദ്വിതീയൻ കാതോലിക്ക ബാവയെ 'പരിശുദ്ധ പിതാവെ' എന്ന് വിളിക്കേണ്ട അവസ്ഥയിൽ 1958-ലെ യോജിപ്പ് എത്തിച്ചു എന്നത് കാലം നൽകിയ ദൈവീക നീതി.

1934 ലെ ഭരണഘടനയിൽ പരി. പാത്രിയർക്കീസ് ബാവയെ ക്കുറിച്ച് പരാമർശിച്ചിരിക്കുന്ന 101, 114, 118 വകുപ്പുകൾ ചോദ്യം ചെയ്യപ്പെടാതെ അംഗീകരിച്ചവരാണ് യാക്കോബായ വിഭാഗം. പ. പാത്രിയർക്കീസ് ബാവയെ 1934-ലെ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി മാത്രമേ അംഗീകരിക്കുവാൻ സാധിക്കുകയുള്ളു എന്നാണ് ഈ വകുപ്പുകളിൽ പറയുന്നത്. അതിൻ പ്രകാരമാണ് 1934-ലെ ഭരണഘടന സ്വീകരിക്കുവാൻ വയലിപറമ്പിൽ ശീവർ ഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനി യാക്കോബായ വിഭാഗത്തോട് ആവശ്യപ്പെട്ടത്.

1958-ന് മുൻപ് "മാർത്തോമാ സിംഹാസന പ്രഖ്യാപനം" നടത്തിയിരുന്നതിനാൽ അതും യാക്കോബായ സഭ അംഗീകരിച്ചു. തലേ ദിവസം വരെ "വൃദ്ധൻ പുന്നൂസ്" എന്ന് പരിഹസിച്ചിരുന്ന ഗീവർഗീസ് ദ്വിതീയൻ കാതോലിക്ക ബാവയെ 'പരിശുദ്ധ പിതാവെ' എന്ന് വിളിക്കേണ്ട അവസ്ഥയിൽ 1958-ലെ യോജിപ്പ് എത്തിച്ചു എന്നത് കാലം നൽകിയ ദൈവീക നീതി. തെറ്റ് എന്ന് കൊട്ടിഘോഷിച്ചിരുന്നത് എല്ലാം ശരിയെന്ന് സമ്മതിക്കേണ്ട ഗതികേടിലായി അന്നത്തെ യാക്കോബായ വിഭാഗം. ❑

മാർ യാക്കോബ് മഫസ്കോ സഹദാ

(Mor Yakoob Maphasko Sahada of Malankara)





പുരാതന പേർഷ്യയിൽ ക്രിസ്ത്യാനിയായി ജനിച്ച യാക്കോബ്, രാജ പ്രീതിക്കായി ക്രിസ്തീയ വിശ്വാസം ത്യജിച്ചുവെങ്കിലും, സ്വന്തം മാതാവിന്റെയും ഭാര്യയുടെയും പ്രേരണയാൽ ക്രിസ്തീയ സത്യവിശ്വാസത്തിലേക്ക് മടങ്ങി വന്നു. ഇതറിഞ്ഞ രാജാവ് (ഷാ ബഹറാം അഞ്ചാമൻ) ക്രിസ്തീയ വിശ്വാസം ത്യജിക്കുവാൻ ആവശ്യപ്പെട്ടെങ്കിലും, ഇദ്ദേഹം അതിന് വിസ്സമതിച്ചു. ഇതിൽ കോപിഷ്ഠനായ രാജാവ് ഇദ്ദേഹത്തിന്റെ അവയവങ്ങൾ ഓരോന്നായി ഛേദിക്കുവാനുള്ള കഠിന ശിക്ഷാവിധി കൽപ്പിച്ചു. കാൽ വിരൽ മുതൽ 28 കഷ്ണങ്ങളായി ശരീരം നുറുക്കപ്പെട്ടിട്ടും അദ്ദേഹം ക്രിസ്തീയ സത്യവിശ്വാസം ത്യജിക്കുവാൻ തയ്യാറായില്ല. അവസാനം ശിരസ്സ് ഛേദിക്കപ്പെട്ട് അഠ 421 ൽ രക്ത സാക്ഷിയായി, പരിശുദ്ധൻമാരുടെ ഗണത്തിലേക്ക് ഉയർത്തപ്പെട്ട ഇദ്ദേഹത്തെ, അംഗവിഛേദം ചെയ്യപ്പെട്ട യാക്കോബ് (സുറിയാനിയിൽ മാർ യാക്കോബ് മഫസ്ക, ഇംഗ്ലീഷിൽ Saint James the Mutilated എന്ന് അറിയപ്പെടുവാൻ തുടങ്ങി.

പേർഷ്യയിലെ ബേത്ത് ഹുസായിയിൽ ജനിച്ച ഒരു സിറിയൻ ക്രിസ്ത്യൻ സന്യാസിയാണ് വിശുദ്ധ ജെയിംസ് ദി മ്യൂട്ടിലേറ്റഡ് & മോർ യാക്കൂബ് മാഫസ്കോ സഹദ (മരണം 421) എന്നും അറിയപ്പെടുന്ന വിശുദ്ധ ജെയിംസ് ഇന്റർസിസസ്. ലാറ്റിൻ പദമായ 'കഷണങ്ങളായി മുറിക്കുക' എന്നതിൽ നിന്നാണ് അദ്ദേഹത്തിന്റെ വിശേഷണം, ഇന്റർസിസസ്, അദ്ദേഹത്തിന്റെ രക്തസാക്ഷിത്വ രീതിയെ സൂചിപ്പിക്കുന്നു: അവൻ പതുക്കെ ഇരുപത്തെട്ട് കഷണങ്ങളായി മുറിച്ചു. അദ്ദേഹത്തിന്റെ മരണം റോമൻ-സസാനിഡ് യുദ്ധം ആരംഭിച്ചു (421422).

ബേത് ലാപറ്റിൽ (ഗുണ്ടിഷാപൂർ) അദ്ദേഹം കൊല്ലപ്പെട്ടു. ഈ നഗരത്തിന്റെ അവശിഷ്ടങ്ങൾ ഇറാനിലെ ദെസ്ഫുലിനടുത്താണ്. വധശിക്ഷ നടപ്പാക്കിയപ്പോൾ, ശിരഛേദം ചെയ്യപ്പെടുന്നതുവരെ കൈകാലുകളുടെ നഷ്ടം അദ്ദേഹം അതിജീവിച്ചു. അദ്ദേഹത്തിന്റെ അനുയായികൾ അദ്ദേഹത്തിന്റെ ശരീരഭാഗങ്ങൾ അവശിഷ്ടങ്ങളായി അഭ്യർത്ഥിച്ചു, എന്നാൽ ഈ അഭ്യർത്ഥന നിരസിക്കപ്പെട്ടു, അതിനാൽ അവർ ശരീരഭാഗങ്ങൾ മോഷ്ടിച്ചു, അത് എങ്ങനെയെങ്കിലും ബ്രാഗയിലെ പോർച്ചുഗീസ് കത്തീഡ്രലിലേക്ക് അയച്ച് അവശിഷ്ട ചാപ്പലിൽ ഒരു സാർകോഫാഗസിൽ ഇട്ടു. ജെയിംസിന്റെ കഥ ദി ഗോൾഡൻ ലെജന്റിൽ വിവരിക്കുന്നു.

ജറുസലേമിലെ അർമേനിയൻ ക്വാർട്ടറിലെ സെന്റ് ജെയിംസ് ഇന്റർസിസസിന്റെ പള്ളി അദ്ദേഹത്തിന് സമർപ്പിക്കപ്പെട്ടു. സിറേസിയിലെ സെന്റ് ജേക്കബ് പേർഷ്യൻ മൊണാസ്ട്രി, സ്ട്രോണി മോൾഡോവ, ലെബനനിലെ ഡെഡ്ഡയിലുള്ള സെന്റ് ജേക്കബ് പേർഷ്യൻ മഠം, സിറിയയിലെ ഖാറയിലെ സെന്റ് ജെയിംസ് ദി മ്യൂട്ടിലേറ്റഡ് മഠം എന്നിവയെല്ലാം അദ്ദേഹത്തിന് സമർപ്പിക്കുന്നു.

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാമൻ തിരുമേനിയും, പരുമല ഗീവർഗ്ഗീസ് മാർ ഗ്രിഗോറിയോസ് തിരുമേനിയും ചേർന്ന് കുന്നംകുളത്തിന് അടുത്തുള്ള പെങ്ങാമുക്കിൽ കുരിശുപള്ളിക്ക് ശിലാസ്ഥാപനം നടത്തുകയും യാക്കോബ് മഫസ്കോയുടെ തിരുശേഷിപ്പ് (വിരലിലെ അസ്ഥി) ഒരു സ്വർണ്ണച്ചെപ്പിലാക്കി ഇതിൽ സ്ഥാപിക്കുകയും ചെയ്തു.

1897-ൽ കേരളത്തിലെ തൃശൂർ ജില്ലയിലെ കുന്നംകുളംത്തിന് അടുത്തുള്ള പെങ്ങാമുക്കിൽ സ്ഥാപിച്ച ഈ കുരിശുപള്ളി, യാക്കോബ് മഫസ്കോയുടെ തിരുശേഷിപ്പ് ഉള്ള മലങ്കരയിലെ ഏക ദേവാലയമായി, വിശ്വാസികൾക്കും, ദേശത്തിനും ദൈവീക അനുഗ്രഹങ്ങൾ ചൊരിഞ്ഞു കൊണ്ട് നിലകൊള്ളുന്നു.

കുരിശുപള്ളി പെരുന്നാൾ : ഡിസംബർ 9, 10. മാർ യാക്കോബ് മഫസ്കോ സഹദായുടെ മദ്ധ്യസ്ഥത അപേക്ഷിച്ചു കൊണ്ടുള്ള പ്രത്യേക വി.കുർബ്ബാന എല്ലാ മാസത്തിലെയും ആദ്യത്തെ ശനിയാഴ്ച കാലത്ത് 7 മണിക്ക് നടത്തപ്പെടുന്നു.

❑

Article

PROUD TO BE A TEACHER

Fr. Dr. P. S. Varghese

"Don't struggle to be a better teacher than everybody else. Simply be a better teacher than you ever thought you could be" – Robert John Meehan.

"Don't struggle to be a better teacher than everybody else. Simply be a better teacher than you ever thought you could be" are the words of Robert John Meehan, American Educator, poet, and author. His recognition is beyond the classrooms, popularly known as the 'The Voce of the American Teacher". The world is highly competitive. In the field of education also we can see this struggle for existence and struggle to climb the success ladder is a common trend. In 1937 during the Wardha conference, Gandhiji reminded the teachers they must work for the overall development of the child (details will be discussed later).

The National Educational Policy-2020, which replaced the National Policy of Education-1986, never mentioned Mahatma even once. The idea implemented by Gandhi in his Nai -Talim cannot be ruled out. NEP-2020 has taken the core ideas of Gandhis Nai-Talim.

After Independence, Governments from time to time took many steps to materialize Gandhiji's dream educational ideas. Across the country, government schools implemented Nai-Talim. Due to the globalization of education, the rapid change has swallowed Gandhian ideas for a while. Over a while, Ni-Talim reduced to Socially Useful Productive Work (SUPW). Nai-Talim was never be integrated with mainstream education, which is a great drawback. Moreover, the lack of dynamic person/s to carry forward Gandhiji's educational ideas was also another reason.

Till now Nai-Talim is not able to correlate with mainstream education was another great drawback. In NEP-2020, this discrimination over the years can be resolved to a greater level is an appreciable step (Aditi Takur, 11, August 2020, Resemblance of Gandhi's 'Nai Talim' in NEP 2020 is Unmissable, https://www.thequint.com/news/education/resemblance-of-mahatama-gandhis-nai-talim-in-nep-2020, retrieved on 17/5/2021, 11.15 am).

NEP-2020 has a plan to implement its proposals across India by 2026. Indirectly proves that Gandhiji's ideas on education are not dead or diminished. Gives some hopes to revive Gandhian educational ideas.



ദിവ്യബോധനം പഠന പദ്ധതിയുടെ രജിസ്ട്രാർ ആയി ഫാ. ഡോ. പി. സി. തോമസിനെ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതിയൻ കാതോലിക്ക ബാവ നിയമിച്ചു.

കുറുപ്പംപടി സ്കൂൾ കേസ്

കുറുപ്പംപടി MGM ഹയർ സെക്കൻഡറി സ്കൂളിന്റെ മാനേജരുടെ നിയമനം നിയമാനുസൃതമല്ലായെന്നും 1934 ഭരണഘടനപ്രകാരം പള്ളി പൊതുയോഗം കൂടി നിയമാനുസൃത മാനേജരെ നിയമിക്കുന്നതു വരെ നിലവിൽ നിയമ വിരുദ്ധ മായി പ്രവർത്തിക്കുന്ന മാനേജരെ മാറ്റണമെന്നും അതു വരെയുള്ള നിയമന ങ്ങളും മറ്റും സ്റ്റേ ചെയ്യണമെന്നും അതു വരെ സ്കൂൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഏറ്റെടുക്കണമെന്നുമുള്ള വികാരി വി. വി. ബഹനാൻ കോർ എപ്പി സ്കോപ്പായുടെയും സഹവികാരിമാരുടെയും ഹർജ്ജിയിൽ നിയമപരമായ നടപടി സ്വീകരിക്കുവാൻ പൊതു വിദ്യാഭ്യാസ വകുപ്പിനു നിർദ്ദേശം നൽകി ക്കൊണ്ട് കേരള ഹൈക്കോടതി ഉത്തരവായി. വികാരിക്കും വേണ്ടി അഡ്വ. റോഷൻ ഡി. അലക്സാണ്ടർ ഹാജരായി.

തിരുവാർപ്പ് പള്ളിക്കേസ് ഐ.എ തള്ളി

കോട്ടയം: കോട്ടയം ഭദ്രാസനത്തിൽ ഉൾപ്പെട്ട തിരുവാർപ്പ് പള്ളിയിൽ പുനരു ദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നത് തടയണം എന്നു ആവശ്യപ്പെട്ടു വിഘ ടിത വിഭാഗം കോട്ടയം പ്രിൻസിപ്പൽ മുൻസിഫ് കോടതിയിൽ നൽകിയ ഐ.എ തള്ളി.



ദീപ്തി ജെ. മാത്യൂ വൺലൈൻ ആർട്ട് അഥവാ ഒറ്റവരയിലൂടെ നിമിഷ നേരംക്കൊണ്ട് വ്യത്യസ്തങ്ങളായ 20 മുഖങ്ങൾ ചുരുങ്ങിയ സമയം കൊണ്ട് ജൂട്ട് കൊണ്ട് നിർമിച്ച ബാഗിൽ വരച്ച് ലോക റെക്കോർഡ് (ഇൻർനാഷണൽ ബുക്ക് ഓഫ് റെക്കോർഡ്) കരസ്ഥമാക്കി. ഒറ്റ വരയിലൂടെ നിമിഷ നേരംക്കൊണ്ട് ഒരു ചിത്രം വരയ്ക്കുകയാണ് വൺ ലൈൻ ആർട്ട് കൊണ്ട് ഉദ്ദേശിക്കുന്നത്. ബാംഗ്ലൂർ വിജയ് നഗർ സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് ഇടവകാംഗമായ ജിജി മാത്യൂവിന്റേയും സുധ സൂസന്റെയും മകൾ ആണ് ദീപ്തി ജെ. മാത്യൂ.

വചനതീർത്ഥം

അരുളപ്പാടുകളുടെ കാലം - 3

യോസഫിന് ഉണ്ടായ വെളിപാടിന്റെ ഞായർ (വി. മത്തായി 1:18-25)

ഫാ. കെ. കെ. വർഗീസ്



യേശുക്രിസ്തുവിന്റെ ജനനവുമായി ബന്ധപ്പെട്ടുള്ള ദൈവീക അരുളപ്പാടുകളിൽ മൂന്നാമത്തേതാണ് യോസഫിന് ഉണ്ടാകുന്ന വെളിപാട്.

സഖറിയാ പുരോഹിതൻ, കന്യകമറിയാം എന്നിവർക്കുണ്ടാകുന്ന അരുളപ്പാടുകൾക്ക് ശേഷമാണ് യോസഫിന്റെ വെളിപാടിൻറെ വിവരണം കടന്നുവരുന്നത്. യേശുവിന്റെ മനുഷ്യാവതാര വ്യാപാര വിവരണങ്ങളിൽ ചെറുതല്ലാത്ത പങ്കുവഹിക്കുന്നു കഥാപാത്രമാണ് യോസഫ്. സ്വർണ്ണ നാവുകാരനായ മാർ ഈവാനിയോസ് പറയുന്നു; കന്യകമറിയം പരിശുദ്ധൻ മാരിൽ പരിശുദ്ധനെ സ്വീകരിക്കുവാനുള്ള വാഗ്ദാനപേടകം ആയിരുന്നുവെങ്കിൽ മനുഷ്യാവതാര രഹസ്യം അയോഗ്യ ദൃഷ്ടിയിൽനിന്ന് മറക്കുന്നതിന് ആ പേടകത്തിനു മുൻപിൽ ഇട്ടിരുന്ന ആവരണമാണ് യോസഫ്.

'അറിയിപ്പ്' എന്ന പദം കന്യകമറിയാമിനുണ്ടായ അറിയിപ്പുമായി ബന്ധപ്പെട്ടാണ് പലപ്പോഴും ഉപയോഗിക്കപ്പെടുന്നത്.

എന്നാൽ വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽ, നീതിമാനായ യോസഫിന് മാലാഖയുടെ അറിയിപ്പ് ഉണ്ടാകുന്നതാണ് പ്രതിപാദ്യം. വിശുദ്ധ ലൂക്കോസ് കന്യകയുടെ അനുസരണതെ പറ്റി(1:38) പറയുമ്പോൾ വി. മത്തായി ആവട്ടെ യോസഫിന്റെ അനുസരണ ത്തെപ്പറ്റി(1:24) വിശദമാക്കുന്നു.

ജനനം ഇവ്വണ്ണം ആയിരുന്നു 1:18

യേശു അബ്രഹാമിന്റെ പുത്രനും ദാവീദിന്റെ പുത്രനുമായ മശിഹാ(1:1), എന്നുറപ്പിച്ചു കൊണ്ടാണ് വിശുദ്ധ മത്തായി സുവിശേഷം ആരംഭിക്കുന്നത്.

18 മുതൽ താഴേക്കുള്ള വാക്യങ്ങളിലൂടെ യേശു തന്നെയാണ് മശിഹാ അഥവാ രക്ഷകൻ എന്ന് സുവിശേഷകൻ ഉറപ്പിച്ചുപറയുന്നു. ദാവീദിന്റെ വംശത്തിൽ നിന്നാണ് ക്രിസ്തു ഉദയം ചെയ്യുന്നത് എന്ന തിരുവചന പ്രവചനങ്ങൾ നിവർത്തിയാക്കപ്പെടുന്നതിന് അപ്രകാരം സംഭവിക്കേണ്ടിയിരിക്കുന്നു. അതിനാൽ പിറക്കാൻ പോകുന്ന പൈതൽ പ്രവചനത്തിന്റെയും വാഗ്ദാനത്തിന്റെയും ഫലമായ പുത്രനാണ് എന്ന് പ്രഖ്യാപിക്കാനുള്ള ഒരു താല്പര്യം സുവിശേഷകനായ മത്തായിയിൽ കാണുന്നുണ്ട്. അതുകൊണ്ടുതന്നെ മശിഹാ ജനനത്തെക്കുറിച്ചുള്ള തന്റെ വിവരണത്തിൽ വിശുദ്ധ ലൂക്കോസിൽ നാം കാണുന്ന പുൽത്തോട്ടി, ഇടയന്മാർ ഇങ്ങനെയുള്ള കഥാപാത്ര വിവരണങ്ങൾ തൻറെ രചനയിൽ ഇല്ല. യേശുവിന്റെ ജനനത്തെപ്പറ്റി അദ്ദേഹത്തിൻറെ വിവരണം പ്രധാനമായും യോസേഫിൽ കേന്ദ്രീകരിക്കുന്നു. അവനിലൂടെ യേശു ദാവീദിന്റെ പുത്രൻ ആകും. 'യിശായിയുടെ കുറ്റിയിൽ നിന്നുള്ള മുള' അവനാണ് ഈ പൈതൽ (1:116).

വിവാഹം നിശ്ചയിക്കപ്പെട്ട (1:1/18)

മാതാപിതാക്കളാൽ വിവാഹം നിശ്ചയിക്കപ്പെടുന്ന ചടങ്ങുകളോട് കൂടിയാണ് യഹൂദ വിവാഹ സങ്കല്പങ്ങൾ ആരംഭിക്കുന്നത്. പലപ്പോഴും ഈ നിശ്ചയ ചടങ്ങിൽ കേന്ദ്ര കഥാപാത്രങ്ങളായ ആണും പെണ്ണും ചെറിയ കുട്ടികൾ ആയിരിക്കും. വിവാഹത്തിനു മുമ്പു മുതൽ തന്നെ, ഈ ദമ്പതികൾക്ക്, ലൈംഗിക അവകാശങ്ങൾ ഒഴികെയുള്ള, വിവാഹത്തിന് സമാനമായ, ഒരു വർഷം നീണ്ടു നിൽക്കുന്ന വിവാഹനിശ്ചയം ആരംഭിക്കുന്നു. ഈ നിശ്ചയം അസാധുവാകുന്നത് മരണം വഴിയോ, വിവാഹമോചനത്തിലൂടെയോ മാത്രമാണ്. വിവാഹം നിശ്ചയിക്കപ്പെട്ട വ്യക്തികളിൽ ഒരാൾ മരണപ്പെട്ടാൽ, അപരനെ വിധവ, വിഭാര്യൻ എന്നീ നിലകളിൽ ആവും പിന്നീട് പരിഗണിക്കുക.

യോസഫ് നീതിമാൻ ആക കൊണ്ട്

പ്രത്യക്ഷത്തിൽ 'നീതിമാൻ' എന്ന പദത്തിന് വിശാലമായ അർത്ഥതലങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. മറ്റുള്ളവരാൽ മറിയം അപമാനിക്കപ്പെടാൻ യോസഫ് ഇടവരുത്തിയില്ല എന്ന പശ്ചാത്തലത്തിലാണ് വേദഭാഗം ഈ പദം ഉപയോഗിക്കുന്നത് കർദിനാൾ ന്യൂമാൻ നീതിമാൻ എന്ന പദത്തിന് നൽകുന്ന നിർവചനം മറ്റുള്ളവരുടെ വികാരങ്ങളെ വ്രണപ്പെടുത്താത്ത വന്നെന്നാണ്.

നിലവിലുള്ള നിയമങ്ങൾ അനുശാസിക്കുന്ന വിധം കന്യകയെ അപമാനിക്കുവാനോ ശിക്ഷക്ക് ഏൽപ്പിച്ചു കൊടുക്കുവാനോ ഒക്കെ സ്വാതന്ത്ര്യം ഉണ്ടായിരുന്നിട്ടും, കാര്യകാരണങ്ങൾ ബോധ്യപ്പെട്ടിട്ടില്ല എങ്കിൽ കൂടിയും ജോസഫ് അവൾക്ക് മുറിവേൽക്കരുത് എന്ന് ആഗ്രഹിക്കുന്നു.

യോസഫ്; നിയമങ്ങളുടെ സന്തുലിതാവസ്ഥ

അക്കാലത്ത് റോമാക്കാരുടെ ഭരണമായിരുന്നു ഏതെങ്കിലും ഒരു യഹൂദനെ വധശിക്ഷക്ക് വിധിക്കാൻ അവർക്ക് ആവുമായിരുന്നില്ല (വി. യോഹന്നാൻ 18:31). അതേസമയം അവിഹിത വേഴ്ച ചിലപ്പോൾ പുരുഷന്റെ മരണശിക്ഷയ്ക്ക് കാരണമാകുന്ന സംഗതികളും ആയിരുന്നു (ആവർത്തനം 22:23/29).

ഇവിടെ ദൈവിക നീതി അനുസരിച്ച് ജീവിക്കുന്ന യോസഫ് കന്യകയെ വേദനിപ്പിക്കാതെയും അപമാനം വരുത്താതെയും രഹസ്യത്തിൽ ഉപേക്ഷിക്കുവാൻ ശ്രമിക്കുന്നു.

ന്യായപ്രമാണ നിയമങ്ങൾക്ക് മാനുഷിക മുഖം നൽകാൻ ശ്രമിക്കുന്ന യോസഫ് ഇവിടെ പ്രധാന കഥാപാത്രമാകുന്നു (വി. മത്തായി 9/13,12/7)

സ്വപ്നത്തിൽ പ്രത്യക്ഷനായി (വിശുദ്ധ മത്തായി 1:20, 2:13, 2:19, 2:22)

കർത്താവിന്റെ ജനനവുമായി ബന്ധപ്പെട്ട നാല് സംഭവങ്ങളിലാണ് യോസഫിനു ദൈവീക അരുളപ്പാട് അഥവാ മാലാഖയുടെ പ്രത്യക്ഷത ലഭിക്കുന്നത്. ശ്രദ്ധേയമായ സംഗതി, നിർണായകമായ സംഗതികളെ കുറിച്ചുള്ള അറിയിപ്പുകൾ ആയിട്ടും നാല് പ്രാവശ്യവും സ്വപ്നത്തിലാണ് ജോസഫിനു അരുളപ്പാട് ഉണ്ടാവുന്നത്. ഒരുപക്ഷേ വെറും സ്വപ്നമായി അതിനെ തള്ളിക്കളയാൻ മാനുഷികമായ സാധ്യതകൾ ഉണ്ട് എന്ന് അറിയാമായിരുന്നിട്ടും എന്തുകൊണ്ടാണ് ദൈവം ആ സമയം തിരഞ്ഞെടുത്തത് എന്നത് ഒരു നല്ല ധ്യാനം ആണ്. മനുഷ്യരുടെ സാധാരണ ജീവിതങ്ങളിലെ ചില സംഗതികൾ ചിലപ്പോൾ വേദഭാഗങ്ങൾ മനസ്സിലാക്കാൻ സഹായകമാണ്. രാത്രിയിൽ പേടിച്ച് കരയുന്ന കുട്ടികളോട് വീട്ടിലെ പ്രായമുള്ളവർ പറയുന്നത്, വല്ലതുമൊക്കെ ഓർത്തുകൊണ്ട് കിടക്കാതെ പ്രാർത്ഥിച്ചു കിടക്കുക എന്നൊക്കെയാണ്. അതായത് പകലത്തെ ചില പേടിപ്പിക്കുന്ന ഓർമ്മകളുടെ തുടർച്ചയാണ് രാത്രിയിലെ സ്വപ്നങ്ങളിൽ കടന്നുവരുന്നത് എന്ന്.

ഈ തത്വം ഇവിടെ ചേർത്തുവച്ചാൽ ജോസഫ് പകൽ മുഴുവൻ ദൈവത്തെ ഓർത്തു, ദൈവത്തിൽ ചരിച്ചു, ദൈവീകമായ എല്ലാം ചെയ്തു, ദൈവത്തെ വിളിച്ചു. അപ്പോൾ, രാത്രിയിൽ ദൈവം അവനെ ഓർത്ത്, അവൻറെ അരികിൽ വന്ന്, അരുളപ്പാടുകൾ ഏകി എന്ന് കരുതുന്നതിൽ തെറ്റില്ല. രാത്രികാലങ്ങളിൽ ഞാൻ നിന്നെ ഓർത്തു. എന്തെന്നാൽ നീ എനിക്ക് സഹായകനായിത്തീർന്നു. (സങ്കീർത്തനം 63:5-6).

കന്യക (1/22)

വിശുദ്ധ മാർക്കോസ്, വിശുദ്ധ യോഹന്നാൻ എന്നീ സുവിശേഷകർ കന്യകാ ജനനം എന്ന വിഷയത്തെ അഭിസംബോധന ചെയ്യുന്നില്ല. അവർ രണ്ടു പേരുടെയും സുവിശേഷ രചനയുടെ ഊന്നൽ വേറെയാണ്. ദൈവപുത്രനായി ക്രിസ്തുവിനെ അവതരിപ്പിക്കുക, മനുഷ്യാവതാരത്തിന്റെയും തന്റെ പഠിപ്പിക്കലുകളുടെയും ദൈവശാസ്ത്രം അവതരിപ്പിക്കുക എന്നിങ്ങനെ യഥാക്രമം രണ്ടു സുവിശേഷകരും ശ്രമിക്കുമ്പോൾ, വിശുദ്ധ മത്തായി വിശുദ്ധ ലൂക്കോസ് എന്നിവരുടെ ശ്രമം, കന്യകാ ജനനം എന്നതിനു പ്രാധാന്യം കൊടുത്ത് അവതരിപ്പിക്കുക എന്നതാണ്.

വിശുദ്ധ മത്തായി 1:18, വി. ലൂക്കോസ് 1:35 എന്നീ ഭാഗങ്ങൾ കുഞ്ഞിന്റെ പിതാവ് ജോസഫ് അല്ല എന്ന പ്രസ്താവനയും, വിശുദ്ധ മത്തായി 1:23, വിശുദ്ധ ലൂക്കോസ് 1:34 എന്നീ ഭാഗങ്ങൾ മറിയം കന്യകയാണ് എന്നും വ്യക്തമാക്കുന്നു.

❑

His Earthly Father

The Righteous Man Joseph

Fr. Nithin V. Rajan



Life is a journey and we will have to face everyone and everything that comes our way. Some days may be bright some may be dark, we may be at cross roads. Our decisions how to move ahead is what will be remembered down the lane. Do we hurl blames on others for our expectations and disappointments? Do we uncover the Nakedness of our fellow being and expose them for our safe havens. When we point our fingers on others how many fingers point against us.

The Gospel portion for the week is taken from ***St. Matthew 1: 18-25.*** Here we see the revelation to Joseph.

The decision making time

"This is how the birth of Jesus the Messiah came about, His mother Mary was pledged to be married to Joseph, but before they came together, she was found to be pregnant through the Holy Spirit. Because Joseph her husband was faithful to the law, and yet did not want to expose her to public disgrace, he had in mind to divorce her quietly". ***St. Matthew 1: 18-19***

Joseph is a very silent character in the redemption history by words, but a very powerful unsung hero. He could put a full stop to the life of Mary but he doesn't go that way, he chose to be different. The holiness of Joseph is clearly seen here, he doesn't want to disgrace the woman to whom he is engaged. The law enables him to disgrace her and stone her to death but his decision not to bring her dishonor is a praise worthy characteristic of St Joseph's life. He didn't act out of emotion but he acted out of maturity. No one is above the law but the mercy of the judge is seen here.

Revelation to Joseph

"Joseph son of David, do not be afraid to take Mary home as your wife, because what is conceived in her is from the Holy Spirit. She will give birth to a son, and you are to give him the name Jesus, because he will save his people from their sins." ***St. Matthew 1: 20-21.***

Joseph here humbly submits himself to God through the words of the angel. He was ready to listen what the angel said to him and believe in it. This made the difference in their family life which was supposed to be separated is glued together again.

When there are difficulties we will have angels sent from heaven to strengthen us. We see this in the Old Testament also when Hagar the slave girl runs away from her mistress because of her ill treatment. On the road to Shur in the desert the Angel of God appears to her and says, "take courage, God has heard your cry, go back to from where you came. God will bless you have a son." ***Psalm 91:11-12*** *"For he will give his angels charge of you to guard you in all your ways. On their hands they will bear you up, lest you dash your foot against a stone".*

We too can be sure that when difficulties comes in life God will send his angels to help us. God will not put us in trails that we cannot bear. He will send his guidance in different ways to strengthen and support us.

How do we respond?

The life of St Joseph has clearly been an eye opener for our Christian journey. "*A soft answer turns away wrath, but a harsh word stirs up anger.*" ***Proverbs 15:1.*** Often our reaction to situations are like pouring oil to fire. We have to be fire extinguishers than lighters. A kind response has the power to change an entire relationship.

Do we judge others with our holiness? It's high time to think as we have to always compare our life with the life of Christ as He became man and showed us the way to Heaven. We all are unique at the same time have our own distinct nature and beliefs. Accepting each other in a cordial manner is a very important way of life. ***Romans 14:3*** *"The one who eats everything must not treat with contempt the one who does not, and the one who does not eat everything must not judge the one who does, for God has accepted them".*

Our criticism of our fellow human being should be to help them from the eternal condemnation. "*Brothers, if anyone is caught in any transgression, you who are spiritual should restore him in a spirit of gentleness. Keep watch on yourself, lest you too be tempted".* ***Galatians 6:1***

It is better to pray sincerely for your friend rather than rebuking him every time he makes a mistake - ***St Mark the Ascetic***. Don't be the reason for someone to feel insecure. Be the reason someone feels secure and happy. When we take everything to Lord in prayer He will guide us, show us the way, and help us to discern the truth,

This small incident of a family will help us to rethink about how we respond. After a long hard day at her work place the mother returned home and was in a hurry with preparation for dinner. She placed a plate of eggs, sausage and extremely burned biscuits in front of her husband. Their boy child was waiting to see if anyone noticed! Yet all what Dad did was reached for his biscuit, smiled at his son and asked him how his day was at school. While replying he was watching his Dad smearing butter and jelly on that biscuit and ate every bite!

When he got up from the table he heard his Mom apologizing to his Dad for burning the biscuits. And I'll never forget what he said: "Dear, I love burned biscuits."

Later that night, the boy went to kiss Daddy good night and he asked him if he really liked the burnt biscuits. He wrapped his son in his arms and said, "Your Momma put in a hard day at work today and she's real tired. And besides – a little burned biscuit never hurt anyone!"

There are loads of insights we need to pull out from this life incident. Life is full of imperfect things and imperfect people. Our urge for perfections in all place may result in burning relationships than biscuit. Trying to understand others, trying to look from the other fellows' view is very important. When we think only our gains and pleasure we trample on the other to raise high, creating pains and tensions. "When the power of love overcomes the love of power, the world will know peace". This is one of the most important key in creating a healthy, growing, and everlasting relationship.

Like St. Joseph let us be righteous and pray to the Righteous King "on the Day of Judgment we acknowledge we are not worthy by our own works, but have mercy because within us is buried Your Body and Blood". Amen

To err is human to forgive is divine

❑



കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ തിരുവനന്തപുരം രാജ്ഭവനിൽ ഒരുക്കിയ 2021 ക്രിസ്തുമസ്സ് സ്നേഹവിരുന്നിൽ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, ക്രിസ്തീയ മതമേലദ്ധ്യക്ഷന്മാർക്കും, പൗരപ്രമുഖർക്കുമൊപ്പം സംബന്ധിച്ചു.



പുതിയ ചരിത്രം രചിച്ച് ശ്ലൈഹിക വാഴ്വും ധൂപ പ്രാർത്ഥനയും

കുന്നംകുളം: ഈ വർഷത്തെ സെന്റ് തോമസ് പുത്തൻ പള്ളിയിൽ 'സഭാ ജ്യോതിസ്സ് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് ഒന്നാമൻ തിരുമേനിയുടെ 205-ാം ഓർമ്മപ്പെരുന്നാൾ പെരുന്നാളുകളുടെ ചരിത്രത്തിൽ സമാനതകളില്ലാത്ത പുതിയ ചരിത്രം രചിച്ചു. മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ - തൊഴിയൂർ സഭയുടെ അധ്യക്ഷൻ സിറിൾ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്തായും മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അഹമ്മദാബാദ് മെത്രാസനാധിപനും കുന്നംകുളം ഭദ്രാസനത്തിന്റെ സഹായ മെത്രാപ്പോലീത്തായുമായ ഡോ. ഗീവർഗീസ് മാർ യൂലിയോസ് തിരുമേനിയും ചേർന്ന് പെരുന്നാൾ പ്രദക്ഷിണ വഴിയിലെ തൊഴിയൂർ സഭയുടെ സെന്റ് തോമസ് കുരിശുപള്ളിയിൽ ഒരു ഇടവേളക്കുശേഷം ധൂപ പ്രാർത്ഥന നടത്തി. തുടർന്ന് നടന്ന ശ്ലൈഹിക വാഴ്വിലും സിറിൾ മാർ ബസേലിയോസ് പങ്കെടുത്തു.



ലോക മനുഷ്യാവകാശ ദിനത്തോടനുബന്ധിച്ചു നടന്ന ഹ്യൂമൻ റൈറ്റ്സ് ഫൗണ്ടേഷന്റെ സംസ്ഥാനതല മീറ്റിംഗിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ വൈദികനും കണ്ടനാട് മാർ ഗ്രിഗോറിയോസ് ആശ്രമാംഗവും ക്രിസ്ത്യൻ ന്യൂനപക്ഷ ദേശീയ ചെയർമാനുമായ ഫാ. ബെന്യാമിൻ ശങ്കരത്തിൽ ക്രൈസ്തവ ന്യൂനപക്ഷത്തിന്റെ പ്രവത്തനങ്ങൾക്കുള്ള ശ്രേഷ്ഠ മാനവ പുരസ്കാരം കേരള സംസ്ഥാന മനുഷ്യാവകാശ ചെയർമാൻ ജസ്റ്റിസ് ഡൊമിനിക്ക് ആൻറണിയിൽ നിന്നും സ്വീകരിച്ചു.



മാർ തോമ്മാ ദിവന്നാസിയോസ് ചരമ സുവർണ്ണ ജൂബിലിയും ജീവചരിത്ര പുസ്തക പ്രകാശനവും

മാവേലിക്കര: മാർ തോമ ദിവന്നാസിയോസ് മെത്രാപ്പോലീത്തായുടെ ചരമ സുവർണ്ണ ജൂബിലി വർഷാരംഭം, പ. കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു. മലങ്കരസഭ കണ്ട പ്രഗൽഭ മെത്രാപ്പോലീത്താമാരിൽ അഗ്രഗണ്യൻ ആയിരുന്നു മാർ തോമ്മാ ദിവന്നാസിയോസ് മെത്രാപ്പോലീത്ത എന്ന് പ. ബാവാ ഉദ്ഘാടനപ്രസംഗത്തിൽ പറഞ്ഞു.

അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ, മാർ തോമ്മാ ദിവന്നാസിയോസിന്റെ ഇളയ സഹോദരപുത്രൻ കുഞ്ഞ് കല്ലുംപുറത്ത് തയ്യാറാക്കിയ 'അണയാത്ത ദീപ സ്തംഭം' മാർ തോമ്മാ ദിവന്നാസിയോസ് ചരിത്ര പുസ്തകം, കുറിയാക്കോസ് മാർ ക്ളീമിസ് മെത്രാപ്പോലീത്തായ്ക്കു നൽകി കൊണ്ട് പ. കാതോലിക്കാ ബാവാ പ്രകാശനം ചെയ്തു. മാർ ക്ളീമിസ് മെത്രാപ്പോലീത്ത അനുസ്മരണ പ്രഭാഷണം നടത്തി. ഡോ. പോൾ മണലിൽ പുസ്തകത്തെ പരിചയപ്പെടുത്തി. ഡോ. ജോഷ്വാ മാർ നിക്കോദിമോസ്, മാവേലിക്കര ഭദ്രാസന സെക്രട്ടറി ഫാ. ജോൺസ് ഈപ്പൻ, മാർ തോമ്മാ ദിവന്നാസിയോസ് തിരുമേനിയുടെ സെക്രട്ടറിയായിരുന്ന ഫാ. ടി. സി. ജോൺ, ഫാ. ജോയ്സ് വി. ജോയ്, ജി. കോശി തുണ്ടുപറമ്പിൽ, ഫാ. സി.ജി. തോമസ് എന്നിവർ പ്രസംഗിച്ചു.

പുസ്തകത്തിന്റെ വില്പനയിൽ നിന്ന് ലഭിക്കുന്ന മുഴുവൻ തുകയും, മലങ്കര ഓർത്തഡോക്സ് സഭയുടെ പരമദ്യക്ഷ്യനായിരുന്ന കാലം ചെയ്ത പ. ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവാ തിരുമേനിയുടെ താല്പര്യാർത്ഥം ക്യാൻസർ രോഗികൾക്കായുള്ള ചികിത്സ സഹായം, 'സ്നേഹസ്പർശം' പദ്ധതിയിലേക്കു നല്കുന്നതാണെന്ന് ഗ്രന്ഥകർത്താവ് കുഞ്ഞ് കല്ലുംപുറത്ത് അറിയിച്ചു.



ഇംഗ്ലണ്ടിലെ ലിവർപൂളിൽ, മലങ്കരസഭയുടെ പുതിയ ദൈവാലയത്തിന്റെ കൂദാശ ഇടവക മെത്രാപ്പോലീത്ത ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമികത്വത്തിൽ നടന്നു.



ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം യുഎഇ മേഖലയുടെ ആഭിമുഖ്യത്തിൽ സഭാ കവി സി.പി ചാണ്ടി മെമ്മോറിയൽ എവർ റോളിംഗ് ട്രോഫിക്ക് വേണ്ടിയുള്ള ക്രിസ്തുമസ് ആരാധനാ ഗീതകരോൾ ഗാന മത്സരം മസ്മൂർ 2021 ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രലിൽ സംഘടിപ്പിച്ചു. ഒന്നാം സ്ഥാനം ഫുജൈറ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് യുവജനപ്രസ്ഥാനവും,രണ്ടാം സ്ഥാനം അൽഐൻ സെന്റ് ഡയനേഷ്യസ് ഓർത്തഡോക്സ് യുവജനപ്രസ്ഥാനവും, മൂന്നാം സ്ഥാനം ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് യുവജനപ്രസ്ഥാനവും കരസ്ഥമാക്കി.



ക്രിസ്തു കേന്ദ്രീകൃതമായി മുന്നോട്ട് പോകണം പ. കാതോലിക്കാ ബാവാ

ക്രിസ്തു കേന്ദ്രീകൃതമായി മുന്നോട്ട് പോകണമെന്ന് പരിശുദ്ധ കാതോലിക്കാ ബാവാ. ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം യു.എ.ഇ മേഖലാ വാർഷിക കോൺഫറൻസിൽ അനുഗ്രഹ പ്രഭാഷണം നടത്തുകയായിരുന്നു പരിശുദ്ധ ബാവാ. ക്രിസ്തു ഇല്ലാതെ സഭ ഇല്ല 'ക്രിസ്തുവിനെ നോക്കി ജീവിക്കുവാൻ പിതാക്കൻമാർ തന്നിട്ടുള്ള ആചാര അനുഷ്ഠാനങ്ങളും പാരമ്പര്യങ്ങളും മുറുകെ പിടിച്ചു കൊണ്ട് രക്ഷയ്കായി ക്രിസ്തുവിനെ മുറുകെ പിടിച്ചു കൊണ്ട് മുന്നോട്ടു പോവുക എന്നുള്ള സഭയുടെ അടിസ്ഥാനതത്വത്തിൽ ഏവരും മുന്നോട്ടു പോകണമെന്ന് പരിശുദ്ധ ബാവാ ആഹ്വാനം ചെയ്തു.

മേഖലാ പ്രസിഡന്റ് ഫാ. ജോ മാതുവിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഡോ. എബ്രഹാം മാർ സെറാഫിം സമ്മേളനം ഉൽഘാടനം ചെയ്തു. ഈ കാലഘട്ടത്തിന്റെ വെല്ലുവിളികളെ അതിജീവിച്ചു കൊണ്ട് രക്ഷയ്ക്കായി ക്രിസ്തുവിന്റെ മുഖത്തേക്കു നോക്കി യാത്ര ചെയ്യണമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. യു.എ.ഇ യുടെ അമ്പതാം നാഷനൽ ഡേയ്ക്ക് സമ്മേളനം ആശംസകൾ നേർന്നു. യുവജന പ്രസ്ഥാനം പ്രസിഡന്റ് ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, കേരള ആരോഗ്യ വകുപ്പ് മന്ത്രി വീണ ജോർജ് എന്നിവർ ആശംസാ സന്ദേശങ്ങൾ നൽകി. പ്രൊഫ. ഗോപിനാഥ് മുതുകാട് മുഖ്യ പ്രഭാഷണം നടത്തി. മലയാള മനോരമ ദുബായ് ചീഫ് റിപ്പോർട്ടർ ശ്രീ രാജു മാത്യു മോഡറേറ്റർ ആയി സിംപോസിയവും സംഘടിപ്പിച്ചു.



വെട്ടിക്കൽ ദയറായുടെ മാനേജറായി നിയമിതനായ ഫാ. എം സി കുര്യാക്കോസ് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായിൽ നിന്നും കോട്ടയം ദേവലോകം അരമനയിൽ വച്ച് കല്പന ഏറ്റുവാങ്ങി



പരുമല സെൻറ് ഗ്രിഗോറിയോസ് മൾട്ടി-സ്പെഷ്യാലിറ്റി മിഷൻ ഹോസ്പിറ്റൽ ഫിനാൻസ് കോ-ഓർഡിനേറ്ററായി തുമ്പമൺ ഭദ്രാസന വൈദികനായ ഫാ. തോമസ് ജോൺസൺ കോർഎപ്പിസ്കോപ്പായെ പരിശുദ്ധ കാതോലിക്കാ ബാവ നിയമിച്ചു. സഭാ മാനേജിങ് കമ്മിറ്റി അംഗം കൂടിയാണ് അച്ചൻ.



എം. ജി. സർവ്വകലാശാലയിൽ നിന്ന് കോമേഴ്സ് വിഷയത്തിൽ പെരുമേത്ത് മണ്ണിൽ മാത്യു ജോർജ്ജ് (ജിജു) ഡോക്ടറേറ്റ് കരസ്ഥമാക്കി.

കൂർത്തമല സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്. കുര്യാക്കോസ് മാർ ക്ലിമ്മിസിന്റെ സഹോദരൻ ജോർജ്ജ് മാത്യുവിന്റെയും പരേതയായ മോളി ജോർജ്ജിന്റെയും മകൻ. പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് കോമേഴ്സ് വിഭാഗം അധ്യാപകനായി സേവനമനുഷ്ഠിക്കുന്നു. ബിൻസി എബ്രഹാം സഹധർമ്മിണിയാണ്. ഏക മകൻ ജെരോൺ.



കോട്ടയം ജില്ലാ കാർഷിക വികസന സമിതി അംഗമായി തിരഞ്ഞെടുക്കപ്പെട്ട സിബി ജോൺ.